മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 2 No. 18 THE ONLINE OFFICIAL NEWS BULLETTIN 2019 May 4

ഉയിർപ്പുകാലം SEASON OF RESURRECTION

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
5 1st Sunday after New Sunday	6	7	8 Comme. of St. John the Evangelist	9	10 Comm. of St. Simon the Appostle (Zealot) 254th Memorial of Mar Thoma V (Niranam Valiya Palli)	11

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ തകർക്കാൻ ശ്രമിക്കുന്നവരെല്ലാം സ്വയം തകരുന്ന കാലഘട്ടം: പ. കാതോലിക്കാ ബാവാ

പിറവം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ തകർക്കാൻ ശ്രമിക്കുന്നവരെല്ലാം സ്വയം തകരുന്ന കാലഘട്ടമാണിതെന്ന് പ. കാതോലിക്ക ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ.പാമ്പാക്കുട സെന്റ് തോമസ് ചെറിയ പള്ളിയിൽ സഭയുടെ ഒന്നാം കാതോലിക്കയും കണ്ടനാട് ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയുമായിരുന്ന പ. ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്ക ബാവയുടെ 106-മത് ഓർമ്മപ്പെരുന്നാളിൽ അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു ബാവ.

ദൈവത്താൽ അടിസ്ഥാനമിട്ട സഭയാണിത്. അധികാരം കൊണ്ട് സഭയെ ആര് തകർക്കാൻ ശ്രമിച്ചാലും സ്വയം തകരുകയേയുള്ളു. വൈദേശിക ബന്ധത്തിൽ ആശ്രയിച്ച് കഴിയുന്നവർക്ക് അങ്ങനെയാകാം. പക്ഷേ സഭ സ്വത്തുക്കൾ നൽകാനാകില്ല. പാവപ്പെട്ടവന് കൊടുക്കാം, കവർച്ചക്കാരന് കൊടുക്കാനാകില്ല. അതത് കാലത്തുള്ള ഭരണാധികാരികളെ സ്വാധീനിച്ച് സഭയെ തകർക്കാനുള്ള ശ്രമങ്ങൾ സഭയുടെ തുടക്കം മുതൽ ഉണ്ടായിട്ടുണ്ട്. ദൈവാശ്രയത്തോടെ അതിനെയെല്ലാം അതിജീവിച്ചു. വിദേശ ബന്ധത്തിന്റെ ചരടില്ലാത്ത സമാധാനത്തിന് സഭ ഒരുക്കമാണെന്നും പ. ബാവ പറഞ്ഞു.

ഇടവക മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ സേവേറിയോസ്, അങ്കമാലി ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ പോളിക്കാർപ്പോസ്, നിലക്കൽ ഭദ്രാസനാധിപൻ ഡോ ജോഷ്വാ മാർ നിക്കോദീമോസ്, ഫാ. ജോൺസ് എബ്രഹം കോനാട്ട്, ഫാ. ജോസ് തോമസ്, വികാരി ഫാ അബ്രാഹം പാലപ്പിള്ളിൽ തുടങ്ങിയവർ നേതൃത്വം നൽകി.



ശ്രീലങ്കൻ ബോംബ് സ്ഫോടനത്തിന്റെ ഓർമ്മയിൽ.. നാഗ്പൂർ ഓർത്തഡോക്ൾസ് കത്തീഡ്രലിനു മുൻപിൽ ക്ഷമിക്കണമെന്ന ബാനർ പിടിച്ചുകൊണ്ടു നിൽക്കുന്ന ഇസ്ലാം സഹോദരങ്ങൾ




പ. ഒന്നാം കാതോലിക്കാ ബാവായുടെ 106-ാം ഓർമ്മപ്പെരുന്നാൾ പാമ്പാക്കുട ചെറിയ പള്ളിയിൽ പ. കാതോലിക്കാ ബാവായുടെ മുഖ്യ കാർമികത്വത്തിൽ കൊണ്ടാടിയപ്പോൾ.



ആർദ്ര അന്നദാനം പദ്ധതി പരിശുദ്ധ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്തു

മലങ്കര ഓർത്തഡോക്ൾസ് സഭയുടെ സേവന വിഭാഗമായ ആർദ്രയുടെ 2019 -2020 വർഷത്തെ അന്നദാനം പദ്ധതിയുടെ ഉദ്ഘാടനം മലങ്കരസഭാ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്തു. ദേവലോകം അരമനയിൽ നടന്ന ചടങ്ങിൽ ആർദ്ര സെക്രട്ടറി അഡ്വ. ഡോ. ഐസക് പാമ്പാടി, ഫാ. അലക്സ് ജോൺ, ആർദ്ര എക്സിക്യൂട്ടീവ് കമ്മറ്റി അംഗം ഫാ. കെ. വൈ. വിത്സൺ, മറിയാമ്മ വർഗീസ്, ഒ. എ.മാത്തൻ, ജോൺസൺ കീപ്പള്ളിൽ, ഐ. സി. തമ്പാൻ, മോനി കല്ലംപറമ്പിൽ എന്നിവർ സന്നിഹിതരായിരുന്നു.

"നീ എന്നെ സ്നേഹിക്കുന്നുവോ; എന്നെ അനുഗമിക്കുക"



ഡോ. ഗീവർഗീസ് മാർ യൂലിയോസ്

അവനിൽ ഉയിർക്കപ്പെട്ട് പുതുക്കം പ്രാപിച്ചവരോടുള്ള അവന്റെ കല്പന യാണ് വി. യോഹന്നാന്റെ സുവിശേഷം 21-ാം അദ്ധ്യായത്തിന്റെ ആകെ തുക യായ തലവാചകം: "നീ എന്നെ സ്നേഹിക്കുന്നുവോ; എന്നെ അനുഗമിക്കുക."

ഉത്ഥിതനായ കർത്താവ് തിബെര്യാസ് (ഗലീല, ചെറുകടൽ) തടാകതീരത്ത് ശിഷ്യന്മാർക്കു പ്രത്യക്ഷനായപ്പോൾ ഉണ്ടായ സംഭാഷണങ്ങൾ വി. യോഹ ന്നാൻ ഏറെ കൃത്യതയോടെ അവതരിപ്പിച്ചിട്ടുള്ളതാണ് (21-ാം അദ്ധ്യായം) ഉയിർപ്പു പെരുന്നാളിനു ശേഷമുള്ള രണ്ടാം ഞായറാഴ്ചയുടെ വി. ഏവൻഗേ ലിയോൻ ഭാഗങ്ങൾ പൗരസ്ത്യ സഭാപിതാക്കന്മാരായ നിനുവയിലെ ഇസഹാക്ക്, ദീവന്നാസ്യോസ് ബർസ്ലീബി, വി. അപ്രേം എന്നിവരെല്ലാം ഏറെ പരിശുദ്ധാത്മ നിറ വിൽ ഈ ഭാഗം വേദശാസ്ത്രപരമായി വ്യാഖ്യാനിച്ചിട്ടുണ്ട്; അവയെല്ലാം എഴുതി യാൽ ഒരു ചെറിയ ലേഖനത്തിൽ ഒതുങ്ങു കയില്ല; ഏതാനും കാര്യങ്ങൾ മാത്രം ഓർമ്മപ്പെടുത്തുന്നു.



യഹൂദന്മാരെ പേടിച്ച് വാതിലടച്ചിരി ക്കുന്ന ശ്ലീഹന്മാരെയാണ് പുതു ഞായ റാഴ്ച (വി. യോഹന്നാൻ 20) നാം കാണു ന്നതെങ്കിൽ ഈ ആഴ്ചയിൽ അവരെ നാം കാണുന്നത് ഗലീലാ തടാകത്തിൽ മീൻ പിടിക്കുന്നവരായിട്ടാണ്. യെരുശലേം പട്ടണം സമുദ്രനിരപ്പിൽ നിന്നും 2750 അടി ഉയർന്നു നില്ക്കുമ്പോൾ ഗലീലാ തടാകം 700 അടി സമുദ്രനിരപ്പിന് താഴെയാണ്. ഒപ്പം ഏതാണ്ട് 100 മൈൽ ദൂരത്താണ് ഇവ സ്ഥിതി ചെയ്യുന്നത്. ഉത്ഥിതനായ ക്രിസ്തുവിൽ നിന്നും ശ്ലീഹത്വവും പൗരോഹിത്യവുമെല്ലാം സ്വീകരിച്ചുവെ ങ്കിലും പിന്നത്തേതിൽ ആത്മീയമായി പതറുന്ന ശ്ലീഹന്മാരുടെ സമൂഹത്തെ യാണ് നാം ഗലീലയിൽ കാണുന്നത്. യെരുശലേമിൽ നിന്നും ലോകത്തിന്റെ അറ്റത്തോളം യാത്ര ചെയ്യേണ്ടുന്നതിനു പകരം അവർ ഒരു മടക്കത്തിന്റെയും പിന്മാറ്റത്തിന്റെയും അവരോഹണത്തിന്റെയും പാത സ്വീകരിച്ച് സമുദ്രനിരപ്പിന് താഴെയുള്ള ഗലീലാ തടാക തീരത്ത് എത്തുന്നു. മൂന്നര വർഷക്കാലം മുമ്പ് ഉപേക്ഷിച്ചുപോയ പടകും വലയും തിരികെയെടുത്ത് യഹൂദന്റെ ആദ്യ പ്രവർത്തി ദിനമായ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അതിരാവിലെ മീൻപിടു ത്തമെന്ന അവരുടെ പഴയ ജോലിയിലേയ്ക്ക് തിരികെ പോകുന്നു.

രാത്രി മുഴുവനുംഅദ്ധ്വാനിച്ചുവെങ്കിലും ഒന്നും ലഭിക്കാതെ, കൂട്ടുവാൻ ഒന്നു മില്ലാതെ, വിഷണ്ണഭാവത്തിലിരിക്കുന്നവരോടാണ് പടകിന്റെ വലതു ഭാഗത്ത് വലയെറിയുവാൻ അവരുടെ മുന്നിൽ പ്രത്യക്ഷപ്പെട്ട കർത്താവ് കല്പിക്കുന്നത്. കർത്തൃസാന്നിധ്യം തിരിച്ചറിഞ്ഞപ്പോൾ തലവൻ ശീമോൻ പത്രോസിൽ നഗ്ന താബോധം ഉണ്ടാവുകയും അവൻ തോർത്ത് അരയിൽ ചുറ്റി കടലിൽ ചാടു കയും ചെയ്യുന്നു. ഏറെ പ്രതീകാത്മകമാണ് ഈ സംഭവങ്ങൾ. ഈ കടൽതീ രത്തു നിന്നുമാണ് കർത്താവ് പത്രോസിനെയും സഹോദരനെയും മറ്റു ശിഷ്യ ന്മാരെയും കൂട്ടിച്ചേർത്ത് 'മനുഷ്യരെ പിടിക്കുന്നവരാക്കി' തീർത്ത് യെരുശലേ മിൽ എത്തിച്ചത്. എന്നാൽ നിമിഷനേരംകൊണ്ട് അവർ പഴയതിലേയ്ക്ക് തിരി യുന്നു. കല്പന ലംഘിച്ച ആദമിൽ ഉണ്ടായ അതേ നഗ്നതാബോധമാണ് പത്രോ സിലും ഉണ്ടാകുന്നതും അവൻ വെള്ളത്തിൽ ചാടുന്നതും എന്ന് പിതാക്കന്മാർ ചൂണ്ടിക്കാണിക്കുന്നു.

വലിയ 153 മത്സ്യങ്ങൾ നിറഞ്ഞ വല ഏറെ പ്രയാസപ്പെട്ട് ശിഷ്യന്മാർ കര യിൽ എത്തിക്കുമ്പോൾ കർത്താവ് അവർക്കായി പ്രാതൽ ഒരുക്കി കാത്തിരിക്കുന്നു. യേശു വന്നു അപ്പം എടുത്തു അവർക്കു കൊടുത്തു; അവർ പ്രാതൽ കഴിച്ചശേഷം യേശു അവരോട് സംഭാഷണത്തിൽ ഏർപ്പെടുകയും ശീമോൻ പത്രോസിനോട് അവന്റെ അപ്പന്റെ പേര് കൂടെ ചേർത്തു വിളിച്ച് നീ എന്നെ സ്നേഹിക്കുന്നുവോ എന്ന് മൂന്ന് പ്രാവശ്യം ചോദിക്കുകയും 'ഉവ്വ് കർത്താവേ' എന്ന് മറുപടി ലഭിക്കുമ്പോൾ എന്റെ കുഞ്ഞാടുകളെയും ആടു കളെയും മേയ്ക്കയും പാലിക്കുകയും ചെയ്യുക എന്ന് അവനോട് കല്പിക്കു കയും ചെയ്യുന്നതായി കാണുന്നു.

ക്രിസ്തുവിന്റെ മുമ്പിൽ കടലിലേ യ്ക്കുള്ള - വെള്ളത്തിലേയ്ക്കുള്ള - ചാട്ടവും അവിടെ നിന്നുള്ള കയറ്റവും പത്രോസിന്റെ വി. കുമ്പസ്സാരവും വി. മാമോദീസായും ആയിരുന്നുവെന്നും ക്രിസ്തു ആഴ്ചവട്ടത്തിന്റെ ഒന്നാം നാളും പുനരുത്ഥാനത്തിന്റെ എട്ടാംനാളുമായ ഞായറാഴ്ച പ്രഭാതത്തിൽ സ്വയം ഒരുക്കി അവർക്കു കൊടുത്ത അപ്പം - പ്രാതൽ - വി. കുർബാനയായിരുന്നു വെന്നും മൂന്നു വട്ടം തന്നെ തള്ളിപ്പറഞ്ഞ പത്രോസിനോട് മൂന്നു വട്ടം ചോദിച്ച് ഉറ പ്പിച്ച് തന്റെ ആട്ടിൻകൂട്ടത്തെ പാലിക്കു വാൻ ഏല്പിച്ചത് വി. അഭിഷേകമായ സ്ഥിരീകരണം (confirmation) ആയിരുന്നു വെന്നും സഭാപിതാക്കന്മാർ സൂക്ഷ്മത യോടെ വ്യാഖ്യാനിക്കുന്നു. ചുരുക്കത്തിൽ ഉത്ഥാനപെരുന്നാളിനു ശേഷം വരുന്ന ആഴ്ചകളിൽ വി. ശ്ലീഹന്മാരുടെ വിശ്വാ സപരമായ ചാഞ്ചാട്ടങ്ങളും അവരെ വിശ്വാസത്തിൽ ഉറപ്പിക്കുവാനായി കർത്താവ് ഉപയോഗിക്കുന്ന മാർഗ്ഗങ്ങളും പ്രത്യേകം ശ്രദ്ധയാകർഷിക്കുന്ന കാര്യ ങ്ങളാണ് എന്ന് എല്ലാ സുവിശേഷങ്ങളിലും വിവിധ രൂപത്തിൽ തുടർ ആഴ്ച കളിലൂടെയും നാം കാണുന്നുണ്ട്.

"ക്രിസ്തു സത്യമായും മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേറ്റു" എന്ന് ഞങ്ങൾ വിശ്വസിക്കുന്നുവെന്ന് ആത്മാർത്ഥമായി ഏറ്റുപറയണമെങ്കിൽ പുനരുത്ഥാനം നമ്മിൽ ഒരു യഥാർത്ഥ അനുഭവമായി നിലനില്ക്കണം. തന്നോ ടൊപ്പം സഞ്ചരിച്ച, തന്നിൽ നിന്നും നേരിട്ടു പഠിച്ച, ശിഷ്യന്മാർക്കു പോലും പുനരുത്ഥാന രഹസ്യം വെളിപ്പെടുവാൻ ഏറെ സമയവും തെളിവുകളും ആവശ്യം വന്നുവെന്ന് സാരം.

ശത്രുസൈന്യത്തെ ചെങ്കടലിൽ മുക്കികളയുകയും ഇസ്രായേലിനെ മോശ മുഖാന്തിരം കടലിനു നടുവിൽ ഉണങ്ങിയ നിലത്ത് നടത്തുകയും ചെയ്യുന്ന അനുഭവമാണ് ഈ ആഴ്ചയിലെ ആദ്യ പഴമ വായനാഭാഗം (പുറപ്പാട് 14.26 -31). തുടർന്ന് വായിക്കുന്ന ഭാഗത്ത് (യോശുവാ 6.9-16) യഹോവ യെരീഹോ പട്ടണം ഇസ്രായേൽ മക്കൾക്കു നൽകുന്ന ഭാഗമാണ് ധ്യാനചിന്ത. ഈ രണ്ട് സന്ദർഭങ്ങളെയും ഓർത്ത് പശ്ചാത്തപിച്ച് യഹോവയിലേയ്ക്ക് തിരികെ വരു വാൻ കല്പിക്കുന്ന ശബ്ദമാണ് യെശയ്യാ പ്രവാചകനിലൂടെ (63.8-14) നാം തുടർന്ന് കേൾക്കുന്നത്. "അവർ എന്റെ ജനം. കപടം കാണിക്കാത്ത മക്കൾ തന്നെ എന്നു പറഞ്ഞു അവൻ അവർക്ക് രക്ഷിതാവായിത്തീർന്നു; അവൻ അവർക്കു വേണ്ടി കഷ്ടത അനുഭവിക്കുകയും അവരെ വീണ്ടെടുക്കുകയും ചെയ്തുവെന്നും അപ്പോൾ അവർ അവന്റെ പ്രവൃത്തിയെ ഓർത്തു അവനെ

മഹത്വപ്പെടുത്തിയെന്നും" യെശയ്യാ പ്രവാചകൻ ആത്മാവിൽ സാക്ഷിക്കുന്നു.

അന്ത്യോഖ്യയിൽ വച്ച് പ. പൗലോസ് ശ്ലീഹാ നടത്തുന്ന പ്രസംഗമാണ് ഈ ആഴ്ചയിലെ പൊതു ലേഖന വായനയിലെ പ്രതിപാദ്യം (പ്രവർത്തി 18.26 -39). ഇസ്രായേലിന്റെ തെരഞ്ഞെടുപ്പു മുതൽ പിതാക്കന്മാരിലൂടെ അവരെ ദൈവജനമായി വർദ്ധിപ്പിച്ചതും ഭുജവീര്യത്താൽ അവരെ മിസ്രയിമിൽ നിന്നും മോചിപ്പിച്ചതും വഴി നടത്തിയതും കനാൻ ദേശം അവർക്ക് അവകാശമായി കൊടുത്തതും പ്രവാചകന്മാരിലൂടെയും രാജാക്കന്മാരിലൂടെയുമൊക്കെ അവരെ നയിച്ചതും ഒടുവിൽ വാഗ്ദത്തപുത്രനായ യേശുവെന്ന രക്ഷകനെ കൊടുത്തതും വഴിഒരുക്കുവാൻ യോഹന്നാൻ സ്നാപകനെ നിയോഗിച്ചതും ക്രിസ്തുവിന്റെ കഷ്ടാനുഭവം, മരണം, ഉയിർപ്പ് എന്നിങ്ങനെ മനുഷ്യാവതാര വ്യാപാരം മുഴുവനുമായി വ്യാഖ്യാനിക്കുകയും ചെയ്തുകൊണ്ട് അദ്ദേഹം പ. സഭയെ വിശ്വാസത്താൽ പണിതുയർപ്പിക്കുന്ന ചിത്രം അവിടെ കാണുന്നു. എഫേസ്യരോടുള്ള ലേഖനത്തിലും (6.10-24) ക്രിസ്തുവിൽ വേരൂന്നി വളർന്ന് അവന്റെ സത്യഭടന്മാരായി ലോകമൊക്കെയും സാക്ഷിക്കുവാനുള്ള സന്ദേശമാണ് പ. പൗലോസ് ശ്ലീഹാ ഈ ദിനങ്ങളിൽ നമുക്ക് നൽകുന്നത്.

"തിബെര്യോസ് കടൽതീരത്തു വച്ച് ശ്ലീഹന്മാരിൽ നിന്നെന്നവണ്ണം ഞങ്ങളുടെ ഹൃദയങ്ങളിൽ നിന്നും അന്ധകാരപടലം നീക്കികളയണമേ" എന്ന പ്രാരംഭ പ്രാർത്ഥനയിൽ ഈ ദിവസത്തിന്റെ സന്ദേശം ഉൾകൊണ്ടിരിക്കുന്നു.

വി. ത്രിത്വത്തെക്കുറിച്ചുള്ള ആഴമായ പഠനമാണ് സന്ധ്യാപ്രാർത്ഥനയിലെ പ്രൊമിയോൻ-സെദ്റാ ഭാഗങ്ങൾ. 'ത്രിത്വം സുഗ്രാഹ്യമല്ല' എന്ന ഓർമ്മപ്പെടുത്തലാണ് അതിൽ പ്രധാനം. 'ഇത് നമ്മുടെ കർത്താവാകുന്നു'വെന്ന് ശീമോനോടു ബ്രഹ്മചാരിയായ യോഹന്നാൻ പറയുവാൻ തക്കവണ്ണം സുഗ്രാഹ്യമായപ്രകാരം നീ സർവ്വതിന്റെയും ദൈവമാകുന്നുവെന്ന് ഗ്രഹിപ്പാൻ ഞങ്ങളുടെ ബോധത്തെ പ്രകാശിപ്പിക്കണമേ' എന്നാണ് പ്രാർത്ഥന. "മനുഷ്യകുലം പാപം ചെയ്യാതിരുന്നെങ്കിൽ ഉണ്ടാകാമായിരുന്ന ഗ്രാഹ്യശക്തിയും മർമ്മസംഗതികളറിയാവുന്ന ആത്മപ്രകാശവുംകൊണ്ട് ഞങ്ങളുടെ ഹൃദയങ്ങളെ തെളിയിക്കണമേ" എന്ന അനുഗ്രഹമാണ് നാം ഉത്ഥിതനായ ക്രിസ്തുവിലൂടെ അപേക്ഷിക്കുന്നത്.

താബോർ പർവ്വതത്തിന്റെ മുകളിൽ മോശയും ഏലിയായും കർത്താവിന്റെ സാന്നിദ്ധ്യത്തിൽ വന്ന് "കർത്താവേ കൃപയോടെ പാതാളക്കുഴിയിൽ ഇറങ്ങിച്ചെന്ന് അവിടെ ധൂളിയായി തീർന്ന് മറഞ്ഞുകിടക്കുന്ന നിന്റെ സ്വരൂപത്തെ ആകൽക്കറുസായുടെ അധീനതയിൽ നിന്നും രക്ഷിക്കണമേ" എന്ന് അപേക്ഷിച്ചുവെന്നും രാത്രി നമസ്ക്കാരത്തിന്റെ രണ്ടാം കൗമായിലെ സെദ്റാ പ്രാർത്ഥനയിൽ നാം ധ്യാനിക്കുന്നു.

"ഒന്നാമത്തെയും എട്ടാമത്തെയുമായ ഈ ദിവസം മനുഷ്യകുലത്തിലൂടെ സർവ്വ സൃഷ്ടിക്കും നീ പുതിയ ആരംഭം നൽകി. ഇഹത്തിൽ ധാർമ്മിക ജീവിതം നയിപ്പാനും എട്ടാമത്തെ അന്ത്യനാളിൽ പരത്തിൽ പ്രതിഫലം സിദ്ധിക്കുവാനും" ഞങ്ങളെ യോഗ്യരാക്കണമേ എന്ന് വി. പിതാക്കന്മാരോട് ചേർന്ന് ഈ സുദിനത്തിൽ നമുക്കും പ്രാർത്ഥിക്കാം. ദൈവം അനുഗ്രഹിക്കട്ടെ. ❑

ബൈബിൾ ക്വിസ്


(പുറപ്പാട് 13-16)

ഫാ. റെജു എബ്രഹാം, മൗണ്ട് അബു

1. ഏത് മാസത്തിൽ ആണ് യിസ്രായേൽ മക്കൾ പെസഹാ പെരുന്നാൾ ആഘോഷിക്കേണ്ടത്? (13.4)
2. എത്ര ദിവസം പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കണം? (13.6)
3. യിസ്രായേൽ മക്കൾ മിസ്രയിമിൽ നിന്നു പോരുമ്പോൾ മോശ ആരുടെ അസ്ഥി കൂടെയാണ് എടുത്തുകൊണ്ടു പോന്നത്? (13.19)
4. യിസ്രായേൽ മക്കൾ സൂക്കോത്തിൽ നിന്ന് യാത്ര ആരംഭിച്ച് ആദ്യം എവിടെയാണ് പാളയമിറങ്ങിയത്? (13.20)
5. മിസ്രയിമിൽ നിന്ന് യിസ്രായേൽ മക്കൾ ഓടിപ്പോയി എന്ന് മനസ്സിലാക്കിയപ്പോൾ, വിശേഷപ്പെട്ട എത്ര രഥങ്ങളെ കൂട്ടിയാണ് ഫറവോൻ വന്നത്? (14.6)
6. മോശയുടെയും അഹറോന്റെയും സഹോദരിയുടെ പേര്? (15.20)
7. എവിടെ വച്ചാണ് മോശ കയ്പ്പുവെള്ളത്തെ മധുരമുള്ളതാക്കിത്തീർത്തത്? (15.20)
8. 12 നീരുറവയും 70 ഈന്തപ്പനയും ഉണ്ടായിരുന്ന സ്ഥലം (15.27)
9. യിസ്രായേൽ മക്കൾ മോശയ്ക്കും അഹറോനും എതിരായി പിറുപിറുത്തത് എവിടെ വച്ച്? (16.2)
10. യിസ്രായേൽ മക്കൾ എത്രനാൾ മന്ന ഭക്ഷിച്ചു? (16.35)

ഉത്തരങ്ങൾ

1. ആബീബ് മാസം
2. ഏഴ് ദിവസം
3. ജോസഫിന്റെ
4. ഏഥാമിൽ
5. 600
6. മിര്യാം
7. മാറാ
8. ഏലീം
9. സീൻ മരുഭൂമി
10. 40 വർഷം



ഓർഡർ ഓഫ് സെന്റ് ജോർജ് ബഹുമതി ഫാ. ടി. ജെ. ജോഷ്വായ്ക്ക്

ആഗോള തീർഥാടനകേന്ദ്രമായ ചന്ദനപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഏർപ്പെടുത്തിയ ഓർഡർ ഓഫ് സെന്റ് ജോർജ് ബഹുമതിക്ക് മലങ്കര സഭാ ഗുരു രത്നം ഫാ. ടി. ജെ. ജോഷ്വാ അച്ചൻ അർഹനായി



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ - മെറിറ്റ് ഈവനിംഗ് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടന്നപ്പോൾ പ. കാതോലിക്ക ബാവ ഉത്ഘാടനം നടത്തി. ചങ്ങനാശേരി അതിരൂപത സഹായ മെത്രാപോലിത്ത തോമസ് തറയിൽ പിതാവ് മുഖ്യപ്രഭാഷണം നടത്തി.

"സകലത്തിലും മുമ്പായി ദൈവഭയത്തെ ഓർത്തുകൊള്ളണം. നിങ്ങളുടെ നിമിത്തം ആരും വ്യസനിപ്പാൻ ഇടവരരുത്. കഴിയുന്ന ഗുണങ്ങൾ ചെയ്യുന്നതിനു ഉപേക്ഷ വരരുത്. എന്തെന്നാൽ അതു മാത്രമേ അവസാനത്തിൽ സമ്പാദ്യമായി ശേഷിക്കൂ."

"കഴിയുന്ന ദോഷങ്ങൾ ആരോടും ഒരിക്കലും ചെയ്യരുത്. എന്തെന്നാൽ അതു തനിക്കും സന്തതിക്കും തറവാട്ടേക്കും കേടായി ഭവിക്കും. നോമ്പിലും നമസ്കാരത്തിലും ദാനധർമ്മങ്ങളിലും മുട്ടിപ്പായി ഇരിക്ക. അതു ഭക്തിയോടും വിശ്വാസത്തോടും കൂടെ പ്രവർത്തിക്ക."

"മടിച്ചാൽ പിന്നെ പഠിത്വത്തിനു കയറ്റമുണ്ടാവുകയില്ല. ദൈവഭയത്തെ മുറുകെ പിടിച്ചുകൊള്ളുക. താഴ്മയെ നല്ല ആഭരണമായി ധരിക്കയും ചെയ്തുകൊള്ളുക."

- പ. പരുമല തിരുമേനി

Article

A TALE OF TWO COAL FIRES

Rincy John

Christ is Risen! Indeed He is Risen!

Risen Lord appearing to disciples at Sea of Tiberias

The Holy Gospel reading for the first Sunday after New Sunday is from St John 21: 1-14. The passage is immensely rich in imagery, metaphors and learning. It is difficult to combine all the devotional thoughts about this passage in a single blog.

The Gospel of St John Chapter 21 contains an account of the Risen Christ's third appearance to the disciples in Galilee (Sea of Tiberias), miraculous catch of 153 fish, the confirmation of St. Peter's love for Jesus, a foretelling of St. Peter's death in old age, and a comment about the beloved disciple's future.

If I would have to name a protagonist (among the apostles) in this passage, among the apostles, that would be St Peter (and to some extent St. John). However, St Peter's life and ministry that we encountered in the Holy Gospels doesn't mirror exactly what our view of superheroes and heroes are,- such superheroes whose clothes make fashion statements, who have no weaknesses, need no help from others, are out there to save the world singlehandedly. In contrast, our 'hero' is a simple fisherman, one who zealously loved his Master but at the crucial moment, fearing for his safety and in his weakness, he denied knowing Jesus Christ.

We may not really ascribe the below passage with great importance and this is stated after the verses wherein Peter denies Christ the first time:

"Now the servants and officers who had made a fire of coals stood there, for it was cold, and they warmed themselves. And Peter stood with them and warmed himself." (St John 18:18; NKJV).

Now read verses 9 of the Gospel portion for the coming Sunday:

"Then, as soon as they had come to land, they saw a fire of coals there, and fish laid on it, and bread." (St John 21:9; NKJV). (Emphasis mine)

As the disciples, after instructed by our Lord to cast the net on the right side and having caught multitude of fish, were coming ashore; they saw fire of coals there with fish laid on it and bread.


Verses 15 onward we note our Lord asking Simon Peter three time whether he loves Him. The sight and smell of the coal fires as well as the three questions would have brought bitter memories of denial in St Peter's memory.

Both St. Peter and Lord Jesus Christ were present in both 'settings of the coal fire.'

- The first one was lit by officers who wanted to do away with Christ and the second was lit by Christ Himself.

- The first was lit when Jesus was undergoing the Trial and the second after He conquered the death (which the officers hoped to give Him after the trial).

- In the presence of the 'worldly' fire lit by the officers and servants, Peter denied Christ three times. In the presence of the fire lit by Christ, Peter affirmed his love for the Lord three times and was reinstated back to the apostolic fold.



- In the warmth of the 'worldly' fire lit by the officers and servants, Peter tried to protect himself from the cold but in his heart, he received no comfort. In the presence of the fire lit by Christ, Peter received food for nourishment of his body (fish and bread), nourishment and comfort for his soul (forgiveness) and a commandment to tend and feed the lambs and sheep of Christ.

- In our spiritual journey, we also would have had the 'coal fire' moment which Peter encountered. In our weaknesses, we would have faltered. What is striking in the above Gospel verses is that Jesus not only forgives, but He also strengthens Peter to overcome his shame and guilt and renew himself for the tasks ahead. In few weeks, when we celebrate the Feast of Pentecost, we will remember the bold leader St Peter who talked about Christ to others. A bold leader- restored and transformed by grace and the love of our Lord. As they teach in monasteries, when you fall-rise again!

St Isaac the Syrian presents a beautiful thought and prayer about repentance:

"It is You who grant repentance and a sorrowing heart to the sinner who repents; in this way You ease his heart of the weight of the sin that is laid upon it, thanks to the comfort which comes from the sorrowing and the gift of tears" (Hilarion Alfeyev, The Spiritual World of Isaac the Syrian, Kentucky, Cistercian Publications, 2000, Pg-129)

'O Apostles and holy fathers pray for us weak and sinful beings, that the grace of our Lord may manifest in us as it happened in Peter and that we may truly rejoice from our hearts in this season of Resurrection.'

സഭാപിതാക്കന്മാർ

തീക്ഷ്ണവാനായ വി. ശീമോൻ

ഫാ. എ. എം. പൗലോസ്

എരിവുകാരൻ എന്നോ കനാന്യനായ ശീമോൻ എന്നോ അറിയപ്പെടുന്ന ശീമോൻ ഒരു യഹൂദ വിപ്ളവ സംഘടനയായ 'സേലോട്ടീസി'ന്റെ അംഗമായിരുന്നു. അതുമായുള്ള ബന്ധം വിഛേദിച്ചിട്ടും അദ്ദേഹം അറിയപ്പെട്ടത് പഴയ പേരിൽത്തന്നെയാണ്. ശീമോൻ യേശുവിന്റെ കൂടെ കൂടുവാൻ ഉണ്ടായ ഒരു പ്രാഥമിക പ്രേരണ ഒരുപക്ഷെ യഹൂദന്മാരുടെ രാഷ്ട്രീയ സ്വാതന്ത്ര്യം യേശു മുഖാന്തിരം ഉണ്ടാകും എന്ന വിചാരം ആയി രുന്നിരിക്കണം. റോമാക്കാരിൽ നിന്ന് യഹൂദ ജാതിക്കാരുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനു വേണ്ടിയായിരുന്നു സേലോട്ടീസ് പൊരുതിയത്. ഏതായാലും യേശുവിന്റെ കൂടെ കുറെനാൾ നടന്നുകഴിഞ്ഞപ്പോൾ ആന്തരീക വിപ്ലവത്തിൽ ആകൃഷ്ടനാകുവാൻ ശീമോനു കഴിഞ്ഞു.

വിശുദ്ധ വേദപുസ്തകത്തിൽ 12 പേരുടെ പട്ടികയിൽ മാത്രമാണ് ശിമയോൻ ശ്ലീഹാ പ്രത്യക്ഷപ്പെടുന്നത്. ശിമയോൻ ശ്ലീഹായുടെ പൂർവ്വകാല ജീവിതത്തെക്കുറിച്ച് നമുക്കൊന്നും അറിഞ്ഞുകൂടാ. സഭാപിതാക്കന്മാരും അതേക്കുറിച്ച് പരാമർശിക്കുന്നില്ല.

സുവിശേഷകന്മാർ ശിമവോനെ പരാമർശിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പേരിനോടൊപ്പം ഒരു വിശേഷണം കൂട്ടിച്ചേർക്കുന്നുണ്ട്. വിശുദ്ധ മത്തായിയും വിശുദ്ധ മർക്കോസും കനാന്യക്കാരനായ ശീമോൻ എന്ന് രേഖപ്പെടുത്തുന്നു. എന്നാൽ വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തിൽ തീവ്രവാദി എന്നാണ് ശ്ലീഹായെ വിശേഷിപ്പിച്ചിരിക്കുന്നത്. യഹൂദ നിയമത്തിനു വേണ്ടിയുള്ള ശീമോന്റെ തീക്ഷ്ണതയായിരിക്കാം അദ്ദേഹത്തെ തീവ്രവാദി എന്നു വിളിക്കാൻ കാരണം. യഹൂദ നിയമം മോശയുടെ നിയമമാണ്. 'തോറ' അഥവാ നിയമം വള്ളിപുള്ളി വ്യത്യാസമില്ലാതെ പാലിക്കുവാൻ അദ്ദേഹം തത്രപ്പെട്ടിരുന്നു.

ഒരു തീവ്രവാദി, യേശുവിന്റെ ശിഷ്യഗണത്തിൽ എങ്ങിനെ ചേർന്നു എന്നുള്ളത് രസാവഹമാണ്. ഗലീലക്കാരനായ യൂദാ മരിച്ചതോടെ തീവ്രവാദികൾക്ക് നല്ല ഒരു നേതാവ് ഇല്ലാതായി. അപ്പോഴാണ് യേശു കടന്നുവരുന്നത്. അവിടുത്തെ തീക്ഷ്ണവും ഉജ്വലവുമായ പ്രസംഗങ്ങൾ ശീമോനെ ആകർഷിച്ചു കാണും. നസ്രേത്തുകാരനായ ഈ പ്രവാചകൻ മിശിഹാ ആയിരിക്കുമോ എന്നും അവർ വിചാരിച്ചു. മിശിഹാ വന്നു കഴി ഞ്ഞാൽ അവൻ ഇസ്രായേലിന്റെ സിംഹാസനം പുനഃസ്ഥാപിക്കുകയും റോമാക്കാരുടെ അടിമത്തത്തിൽ നിന്ന് യഹൂദ ജാതിയെ സ്വതന്ത്രമാക്കുകയും ചെയ്യും എന്ന് ജനം ചിന്തിച്ചു. ഇത് സാധാരണ ജനങ്ങളുടെ പ്രതീക്ഷയായിരുന്നു. യേശുവിൽ അവർക്ക് പറ്റിയ ഒരു നേതാവിനെ ശീമോൻ കണ്ടു. 'ഞാൻ ഭൂമിയിൽ സമാധാനം സ്ഥാപിക്കുവാൻ വന്നു എന്ന് വിചാരിക്കേണ്ട. വാളത്രേ ഞാൻ വരുത്തുന്നത്' എന്ന് യേശു പറഞ്ഞു. തീവ്രവാദികളുടെ പ്രത്യയശാസ്ത്രവും ഇതു തന്നെയായിരുന്നു. യേശുവിന്റെ വ്യക്തിമാഹാത്മ്യവും ധീരമായ നേതൃത്വവും ദൈവരാജ്യ സങ്കല്പവും ശീമോന് ഇഷ്ടപ്പെട്ടു.


ശീമോന്റെ പ്രേഷിതവേല

വി. ശീമോൻ ശ്ലീഹാ ഈജിപ്റ്റ്, ആഫ്രിക്കയുടെ മറ്റു ചില ഭാഗങ്ങൾ, സിറിയ, ബ്രിട്ടൻ എന്നിവിടങ്ങളിൽ സുവിശേഷ പ്രവർത്തനം നടത്തിയെന്നാണ് വിശ്വസിക്കപ്പെടുന്നത്. അബ്ദിയാസിന്റെ "അപ്പോസ്തോലിക ചരിത്രം" എന്ന കൃതിയിൽ യൂദാ ശ്ലീഹായും ശീമോൻ ശ്ലീഹായും ഒന്നിച്ചു പേർഷ്യയിൽ സുവിശേഷം അറിയിച്ചുവെന്നും അവിടെ വെച്ച് രക്തസാക്ഷിയായെന്നും പറയുന്നു.

ശീമോന്റെ രക്തസാക്ഷിത്വത്തേക്കുറിച്ച് പല പൗരാണിക ചരിത്രരേഖകൾ നിലവിലുണ്ട്.

1. ശ്ലീഹന്മാരുടെ സഹനസമരങ്ങൾ

പുരാതനമായ ഒരു എത്യോപ്യൻ രേഖയാണിത്. ഈ രേഖയിൽ ശീമോൻ എപ്രകാരം മരിച്ചു എന്നു കാണുന്നുണ്ട്. യെറുശലേമിലെ യഹൂദന്മാരുടെ



ഓർമ്മ മെയ് 10-ന്

വ്യർത്ഥമായ ആരാധനയും വിശ്വാസജീവിതവും ശ്ലീഹാ ഊന്നിപ്പറഞ്ഞുകൊണ്ടിരുന്നു. തന്മൂലം യഹൂദന്മാരിൽ കൂടുതൽ ആളുകൾ സഭയിലേക്ക് ചേർന്നു. അതിൽ കുപിതരായ കുറെ ജനം ശ്ലീഹായെ കൊന്നുകളയാൻ ആലോചിച്ചു. അന്നത്തെ റോമാ ചക്രവർത്തിയായിരുന്ന ട്രാജന്റെ മുമ്പിൽ ശീമോനെ ഹാജരാക്കാൻ അവർ തീരുമാനിച്ചു. അവൻ മന്ത്രവാദിയാണെന്ന് ജനം ആരോപിച്ചു. ട്രാജൻ ശീമോനെ വിചാരണ ചെയ്യുകയും ക്രൂശിൽ തറയ്ക്കുവാൻ വിട്ടു കൊടുക്കുകയും ചെയ്തു.

2. അബ്ദിയാസിന്റെ ചരിത്രം

ശീമോൻ എ. ഡി 66-ൽ യൂദാ തദ്ദേവൂസിനെ കണ്ടുമുട്ടി. അവരിരുവരും ഒരുമിച്ച് പേർഷ്യയിലേക്കു പോയി. അവർ അവിടെ സുവിശേഷം പ്രസംഗിച്ചു. ജനങ്ങൾ അവരുടെ പ്രവർത്തനങ്ങളെ സ്വാഗതം ചെയ്തില്ല. അവർ ശ്ലീഹന്മാരെ വിഗ്രഹാരാധനയ്ക്ക് നിർബന്ധിച്ചു. എന്നാൽ അവർ വഴങ്ങിയില്ല. അവർ ശ്ലീഹന്മാരെ അവരുടെ ആരാധാലയത്തിൽ ബന്ധിച്ചു. അപ്പോൾ ശീമോന് ഒരു ദൈവദർശനമുണ്ടായി. മാലാഖമാരുടെ നടുവിൽ വിജയ പ്രതാപവാനായി നിൽക്കുന്ന യേശുവിനെ അദ്ദേഹം കണ്ടു.

3. ബേസിലിന്റെ രക്തസാക്ഷി ചരിത്രം

പൗരസ്ത്യസഭയിലെ വലിയ ദൈവശാസ്ത്രജ്ഞന്മാരിൽ ഒരുവനായി രുന്നു കേസറിയായിലെ മെത്രാനായിരുന്ന ബസ്സേലിയോസ് (എ. ഡി. 379). എഡേസ്സായിലെ ഒസ്റോണിൽ (Osrocne) വച്ച് ശീമോൻ സ്വാഭാവിക മരണം പ്രാപിച്ചു എന്ന് അദ്ദേഹം എഴുതിയിട്ടുണ്ട്. ഗ്രീക്ക് സഭയിൽ വി. ബസ്സേലിയോസിന്റെ കലണ്ടർ (Menology of St. Basil) അനുസരിച്ച് ശീമോൻ എഡേസ്സായിൽ വച്ച് ഭാഗ്യമരണം പ്രാപിച്ചതായി കാണുന്നു.

4. ശീമോന്റേയും യൂദായുടേയും പീഡാസഹനം

'ശീമോന്റേയും യൂദായുടേയും പീഡാസഹനം' എന്ന അപ്രമാണിക ഗ്രന്ഥത്തിൽ പേർഷ്യയിൽ വച്ച് ശീമോനും യൂദായും രക്തസാക്ഷിത്വം വരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിനെ ആധാരമാക്കി പേർഷ്യയിൽ വിഗ്രഹാരാധകരായ പുരോഹിതർ ശീമോനെ കുരിശിൽ തറച്ചു കൊന്നു എന്ന് പാശ്ചാത്യസഭയിൽ പാരമ്പര്യമുണ്ട്.

5. പാശ്ചാത്യ ആരാധനാ പാരമ്പര്യം

റോമൻ ആരാധനാക്രമത്തിൽ ശീമോനെക്കുറിച്ച് വിവരിക്കുന്നുണ്ട്. അതനുസരിച്ച് ശീമോൻ ആദ്യം അലക്സാണ്ട്രിയായിൽ സുവിശേഷം പ്രസംഗിച്ചു. അതിനുശേഷം യൂദാ തദ്ദേവൂസിനൊപ്പം ചേർന്ന് മെസപ്പൊട്ടോമിയായിലെത്തി അനേകരെ മാനസാന്തരപ്പെടുത്തി. അനവധി അദ്ഭുതങ്ങൾ പ്രവർത്തിച്ചു. അവസാനം അവിടെ വെച്ചു തന്നെ രക്തസാക്ഷിത്വം വരിച്ചു.

6. ഒൻപതാം നൂറ്റാണ്ടിലെ രേഖ

9-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഒരു രേഖയിലെ വിവരണം ഇപ്രകാരമാണ്. പെന്തക്കോസ്തിക്കു ശേഷം ശീമോൻ ശ്ലീഹാ ഈജിപ്റ്റിലും പേർഷ്യയിലും സുവിശേഷം പ്രസംഗിച്ചു. അവിടെ വെച്ചു താൻ രക്തസാക്ഷി മരണം പ്രാപിച്ചു.

ശീമോന്റെ ഓർമ്മ

മെയ് 10-നാണ് പൗരസ്ത്യ സഭകൾ തീവ്രവാദിയായ ശീമോന്റെ ഓർമ്മ കൊണ്ടാടുന്നത്. റോമൻ കത്തോലിക്കാസഭ ശീമോനേയും യൂദായേയും ഒരേ ദിവസം ഓർക്കുന്നു. അത് ഒക്ടോബർ 28-നാണ്. ആംഗ്ലിക്കൻ സഭകളും ഒക്ടോബർ 28-ന് ഓർമ്മ കൊണ്ടാടുന്നു.

സൗരോർജ പദ്ധതിയിലും ചരിത്രം സൃഷ്ടിച്ച് കോട്ടയം പുത്തനങ്ങാടി കുരിശുപള്ളി

കോട്ടയം: ചരിത്രപ്രസിദ്ധമായ പുത്തനങ്ങാടി കുരിശുപള്ളി ഊർജോൽപാദനത്തിലും ചരിത്രം സൃഷ്ടിക്കുന്നു. 30 കിലോ വാട്ട് വൈദ്യുതിയാണ് പള്ളിയുടെ മേൽക്കൂരയിൽനിന്ന് ഉൽപാദിപ്പിച്ച് കെ.എസ്.ഇ.ബിക്ക് നൽകുക. പള്ളിയുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും വൈദ്യുതി ചെലവ് കൂടിയപ്പോഴാണ് സോളർ പാനലുകളെക്കുറിച്ച് ആലോചിച്ചത്. പള്ളിയുടെ പഴയ മേൽക്കൂരയിലെ ഷീറ്റുകൾ മാറ്റി പുതിയത് സ്ഥാപിച്ചാണ് സോളർ പാനലുകൾ വച്ചത്. 98 സോളർ പാനലുകളാണ് പള്ളിയുടെ മുകളിൽ സ്ഥാപിച്ചത്. ഇതിൽനിന്ന് ലഭിക്കുന്ന വൈദ്യുതി ഉപയോഗം കഴിഞ്ഞ് ബാക്കിയുള്ളത് കെ.എസ്.ഇ.ബി ഗ്രിഡിലേക്ക് നൽകുന്നു. ഈ വൈദ്യുതിയുടെ വില കെ.എസ്.ഇ.ബി തിരികെ നൽകും.







98 സോളർ പാനലുകളാണ് പള്ളിയുടെ മുകളിൽ സ്ഥാപിച്ചത്. ഇതിൽനിന്ന് ലഭിക്കുന്ന വൈദ്യുതി ഉപയോഗം കഴിഞ്ഞ് ബാക്കിയുള്ളത് കെ.എസ്.ഇ.ബി ഗ്രിഡിലേക്ക് നൽകുന്നു.

കേരളത്തിൽ ആദ്യമായാണ് പള്ളിയുടെ മേൽക്കൂരയിൽ ഇത്രയും വലിയൊരു സോളർ പദ്ധതി ഒരുക്കുന്നത് എന്ന് അധികൃതർ പറഞ്ഞു. കോട്ടയത്തെ സ്വകാര്യ ഏജൻസിയാണു സൗരോർജ പാനലുകൾ സ്ഥാപിച്ചത്. 18 ലക്ഷം രൂപയാണ് പദ്ധതിയ്ക്കായി ചെലവായത്. 3 മുതൽ 5 വർഷത്തിനുള്ളിൽ മുടക്കു മുതൽ തിരിച്ചു ലഭിക്കും. പള്ളി ട്രസ്റ്റി മാത്യു മാളിയേക്കൽ പറഞ്ഞു. സൗരോർജ പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് (27ന്) എയർ ഇന്ത്യ മുൻ ചെയർമാൻ കെ.റോയ് പോൾ നിർവഹിച്ചു. വികാരി ഫാ. പി.എ.ഫിലിപ്പ്, സഹവികാരിമാരായ ഫാ. ബ്രിജിത്ത് കെ.ബേബി, ഫാ. ജോസഫ് കുര്യൻ എന്നിവർ നേതൃത്വം നൽകും.

കോട്ടയത്തേക്ക് ക്രിസ്ത്യാനികൾ കുടിയേറ്റം ആരംഭിക്കുന്നത് പതിനഞ്ചാം നൂറ്റാണ്ടിൽ ആണ് എന്ന് പറയപ്പെടുന്നു. പുത്തനങ്ങാടിയിൽ വന്നവർ കരയുടെ മധ്യഭാഗത്തു പരിശുദ്ധ മാർത്തോമാ ശ്ലീഹായുടെ നാമത്തിൽ ഒരു മര കുരിശ് സ്ഥാപിച്ചതായി പറയപ്പെടുന്നു. പിൽക്കാലത്തു മരകുരിശു മാറ്റി കൽകുരിശു സ്ഥാപിച്ചു. ഏതാണ്ട് ഇതേ കാലഘട്ടത്തിൽ ആണ് കോട്ടയത്തെ പുരാതന ദേവാലയങ്ങൾ ആയ വലിയ പള്ളിയും ചെറിയ പള്ളിയും രൂപം കൊണ്ടത്. അഉ 1698 -ലാണ് ഇന്ന് കാണുന്ന വലിയ കുരിശു മദ്ഹബഹയിൽ സ്ഥാപിക്കുന്നത്. അഉ 1731 -ലാണ് കുരിശിനെ കേന്ദ്രീകരിച്ചു പള്ളി സ്ഥാപിക്കുന്നത്. ഇന്ന് നിലവിലുള്ള പള്ളി പണി ആരംഭിച്ചത് 1892 ലാണ്. 1898 -ത് കൂദാശ ചെയ്തു. 2010 -ൽ പരിശുദ്ധ പരുമല തിരുമേനിയുടെ തിരുശേഷിപ്പ് പള്ളിയിൽ സ്ഥാപിച്ചു.


പ്രതിദിനം കുർബാന നടത്തുന്ന ദേവാലയമാണ് കോട്ടയം പുത്തനങ്ങാടി കുരിശുപള്ളി. വിശുദ്ധ തോമാശ്ലീഹായുടെ അനുഗ്രഹം തേടി നിരന്തരമാളുകൾ എത്തുന്നുണ്ടെങ്കിലും വെള്ളിയാഴ്ച ദിവസമാണ് ഇവിടെ പ്രധാനം. ആഗ്രഹ സാഫല്യത്തിനായി മെഴുകുതിരി കത്തിക്കുന്നവരും കുറവല്ല. ഉദ്ദിഷ്ട കാര്യ സാധ്യതയ്ക്കും ഫലപ്രാപ്തിക്കും ശേഷം ധാരാളം വിശ്വാസികൾ പള്ളി അങ്കണത്തിലെത്തി ചുറ്റുവിളക്ക് കത്തിക്കുന്നത് നൂറ്റാണ്ടുക ളായി തുടരുന്ന അനുഷ്ഠാനമാണ്.

ആഗസ്റ്റ് മാസം ആറാം തീയതി കല്ലിട്ട പെരുന്നാളാണ്. അന്നേ ദിവസം പള്ളിയിലെത്തുന്നവർക്ക് കുടിക്കാനായി കഞ്ഞിനേർച്ചയുണ്ട്. അത് കഴിക്കുന്നവർക്ക് ശരീരസൗഖ്യമുണ്ടാകുമെന്നാണ് വിശ്വാസം.

സഭാപിതാക്കന്മാർ

യോഹന്നാൻ ശ്ലീഹാ

ഫാ. എ. എം. പൗലോസ് ആത്തുങ്കൽ



യേശു സ്നേഹിച്ച ശിഷ്യൻ എന്നാണ് വിശുദ്ധ വേദപുസ്തകത്തിൽ യോഹന്നാൻ അറിയപ്പെടുന്നത്. യോഹന്നാൻ എന്ന പദത്തിന്റെ അർത്ഥം "ദൈവകൃപയുള്ളവൻ" എന്നാണ്. ശ്ലീഹന്മാരിൽ ഏറ്റവും പ്രായം കുറഞ്ഞ വൻ, ശ്ലീഹന്മാരിൽ ഏറ്റവും അധികം കാലം ജീവിച്ചിരുന്നവൻ, യേശു പ്രത്യേകമായി സ്നേഹിച്ച ശിഷ്യൻ, യേശുവിന്റെ മാറിൽ ചാരിക്കിടക്കാൻ ഭാഗ്യം ലഭിച്ചവൻ, യേശുവിന്റെ അമ്മയെ സ്വന്തം അമ്മയായി സ്വീകരിച്ചവൻ, കർത്താവിന്റെ സുവിശേഷവും ലേഖനവും എഴുതിയവൻ, പീഡനങ്ങൾക്ക് നടുവിൽ ദൈവിക വെളിപാടു നൽകപ്പെട്ടവൻ ഇങ്ങനെ യോഹന്നാനെക്കുറിച്ചുള്ള പട്ടിക നീളുന്നു. ദൈവസ്നേഹത്തിന്റെ ഉയരവും ആഴവും ഗ്രഹിച്ച ആളായിരുന്നു യോഹന്നാൻ.

യോഹന്നാന്റെ ജനനവും പശ്ചാത്തലവും

സെബദിയുടേയും ശലോമിയുടേയും മക്കളായിരുന്നു യാക്കോബും യോഹന്നാനും. എ. ഡി. 3-ൽ ആണ് ശ്ലീഹാ ജനിക്കുന്നത്. യേശു അദ്ദേഹത്തെ വിളിക്കുമ്പോൾ യോഹന്നാൻ ഇരുപത്തിയഞ്ചിനു മേൽ പ്രായമുള്ള ഒരു യുവകോമളനായിരുന്നു. അദ്ദേഹം ബേത്സയിദാക്കാരനാണ്. മത്സ്യബന്ധന ത്തിൽ പിതാവായ സെബദിയെ യോഹന്നാൻ സഹായിച്ചിരുന്നു. പത്രോ സിനേയും അന്ത്രയോസിനേയും സഹോദരനായ യാക്കോബിനേയും പോലെ യോഹന്നാനും പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചിരുന്നു. തീക്ഷ്ണമതിയും ഭക്തനുമായിരുന്ന ഒരു യഹൂദനായിരുന്നു യോഹന്നാൻ.

യോഹന്നാൻ യേശുവിന്റെ ശിഷ്യന്മാരിൽ പ്രധാനപ്പെട്ട ഒരാളായിരുന്നെ ങ്കിലും അവൻ എപ്പോഴും വേറെ ആരോടെങ്കിലും ചേർന്നു നിൽക്കുന്നതാ യിട്ടാണ് കാണുന്നത്. യോഹന്നാൻ സ്വയമായി അധികമൊന്നും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നതായി സുവിശേഷത്തിൽ കാണുന്നില്ല. ആദ്യം അവൻ രംഗപ്രവേശനം ചെയ്യുന്നത് അന്ത്രയോസിനോടു കൂടെയാണ്. ഇരുവരും ഗലീലാക്കാരായിരുന്നു. യേശുവിനെ നോക്കികൊണ്ട് "ഇതാ ദൈവത്തിന്റെ കുഞ്ഞാട്" എന്ന് യോഹന്നാൻ മാംദാന പറഞ്ഞപ്പോൾ യോഹന്നാനും അന്ത്രയോസും യേശുവിന്റെ പിന്നാലെ പോയി. അന്ന് അവർ കർത്താവിനോടു കൂടെ താമസിച്ചു. അന്ത്രയോസ് ശ്ലീഹായെപ്പോലെ യോഹന്നാനും വിവാഹം കഴിച്ചിരുന്നില്ല. ബ്രഹ്മചര്യജീവിതം നയിച്ചിരുന്നവനാണ് യോഹന്നാൻ എന്ന് വിശുദ്ധ ആഗസ്തിനോസ് രേഖപ്പെടുത്തിയിട്ടുണ്ട്.

യോഹന്നാൻ: സമവീക്ഷണ സുവിശേഷങ്ങളിൽ

ആദ്യത്തെ മൂന്ന് സുവിശേഷങ്ങളിലും യോഹന്നാനെ സംബന്ധിച്ച് കാര്യമായ വിവരണങ്ങൾ ഒന്നും തന്നെയില്ല. അദ്ദേഹം പത്രോസിനോടും യാക്കോബിനോടുമൊപ്പം മിശിഹായുടെ കൂടെ പലപ്പോഴും പ്രത്യക്ഷപ്പെടു ന്നുണ്ട്. പ്രധാനമായി മൂന്നു സന്ദർഭങ്ങളിലാണ് യോഹന്നാനെ നാം കാ ണുന്നത്.

ജറുശലേമിലേക്കുള്ള യാത്രയിൽ 12 ശിഷ്യന്മാരെ കർത്താവ് കൂടെ കൊ ണ്ടുപോയി അവൻ വഴിയിൽ വച്ച് തനിക്ക് സംഭവിപ്പാനിരിക്കുന്ന പീഡന ങ്ങളെക്കുറിച്ചും മരണത്തേക്കുറിച്ചും, പുനരുത്ഥാനത്തേക്കുറിച്ചും സംസാരിച്ചു. അതിനുശേഷമാണ് സെബദി പുത്രന്മാർ അമ്മയേയും കൂട്ടിക്കൊണ്ട് യേശുവിന്റെ അടുക്കൽ ചെന്ന് ദൈവരാജ്യത്തിൽ വലത്തും ഇടത്തും ഇരി ക്കുവാനുള്ള പദവിക്കുവേണ്ടി അഭ്യർത്ഥിച്ചത് (മത്താ. 20:17-20). എളിമയോടെ ശുശ്രൂഷ ചെയ്യുന്നവനാണ് എല്ലാവരിലും വലിയവനാകുന്നത് എന്ന് കർത്താവ് അവരെ പഠിപ്പിച്ചു.

യേശു സ്നേഹിച്ച ശിഷ്യൻ

യേശു സ്നേഹിച്ച ശിഷ്യൻ, അവന്റെ മാറിൽ ചാരിക്കിടന്നവൻ എന്നീ പ്രത്യേകത യോഹന്നാനുണ്ട്. വേറൊരു ശിഷ്യൻ, മറ്റൊരു ശിഷ്യൻ, എന്നീ പരാമർശങ്ങൾ, യോഹന്നാൻ തന്നെക്കുറിച്ചു തന്നെ സൂചിപ്പിച്ചുകൊണ്ട് പലപ്പോഴും പറയുന്നുണ്ട്. എല്ലാ ശിഷ്യന്മാരേയും യേശു സ്നേഹിച്ചു എന്നത് വാസ്തവം തന്നെ. എന്നാൽ മറ്റു ശിഷ്യന്മാരിൽ നിന്നും യോഹന്നാന് പ്രത്യേകതകൾ വളരെയുണ്ട്. അത്താഴസമയത്തു മാറിൽ ചാരിക്കിടന്നവനാണ് യോഹന്നാൻ. പത്രോസിനോടും യാക്കോബിനോടും കൂടെ ഗത്സമനയിലും യോഹന്നാനെ നാം കാണുന്നു. യേശുവിന്റെ കുരിശിൻ ചുവട്ടിൽ പ്രത്യക്ഷപ്പെടുന്ന ശ്ലീഹാ യോഹന്നാൻ മാത്രമാണ്. കഠോരമായ വേദനയുടെ സമയത്ത് യേശുവിനോടൊപ്പമുണ്ടാകാൻ ഭാഗ്യം ലഭിച്ചത് യേശു സ്നേഹിച്ചിരുന്നവനു മാത്രം. യോഹന്നാന് കർത്താവ് തന്റെ അമ്മയെ ഭരമേല്പിക്കുന്നു. "ഇതാ നിന്റെ അമ്മ" (യോഹ. 19:26-27). "ഇതാ നിന്റെ മകൻ." യേശുവിന്റെ ഉത്ഥാനത്തിന് സാക്ഷിയായ ആദ്യ ശ്ലീഹന്മാരിൽ ഒരാളാണ് യോഹന്നാൻ. കർത്താവിന്റെ ശരീരം മോഷ്ടിക്കപ്പെട്ട വിവരം മഗ്ദലക്കാരി മറിയം ആദ്യം അറിയിച്ചത് പത്രോസിനേയും യോഹന്നാനേ യുമാണ്.

❑

ഓർമ്മ മെയ് 8-ന്

യോഹന്നാന്റെ പ്രവർത്തനങ്ങൾ

പെന്തക്കോസ്തി പെരുന്നാളിന് ശേഷം യോഹന്നാന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പല പരാമർശങ്ങളുമുണ്ട്. പത്രോസിനോടും യാക്കോബിനോടുംഒപ്പം സഭയുടെ നെടുംതൂണും നേതൃസ്തംഭവുമാണ് യോഹന്നാൻ ശ്ലീഹാ എന്ന് ഗലാത്യ ലേഖനത്തിൽ വി. പൗലോസ് പറയുന്നു (ഗലാ. 2:9). ജന്മനാ മുടന്തനായ ഒരാളെ ദൈവാലയത്തിന്റെ സുന്ദരം എന്ന കവാടത്തിൽ വെച്ച് സൗഖ്യമാക്കിയപ്പോൾ യോഹന്നാൻ അവിടെയുണ്ടായിരുന്നു (അപ്പോ. 3:2). ശമര്യയിലേക്കുള്ള പത്രോസിന്റെ പ്രേഷിതയാത്രയിൽ യോഹന്നാൻ കൂടെയുണ്ടായിരുന്നു. യോഹന്നാന്റെ സഹോദരനായ യാക്കോബിന്റെ രക്തസാക്ഷിത്വത്തോടെ മറ്റു ശിഷ്യന്മാരെല്ലാം യേരുശലേം വിട്ടുപോയി. എന്നാൽ എ. ഡി. 49-ലെ യെറുശലേം സുന്നഹദോസ് വരെ യോഹന്നാൻ അവിടെത്തന്നെ തുടർന്നു. സുവിശേഷ പ്രഘോഷണ സംരംഭങ്ങളിൽ പത്രോസിനോടൊപ്പം അദ്ദേഹം സഹകാരിയായി.

റോമിലെ പീഡനങ്ങൾ

റോമിൽ വച്ച് യോഹന്നാൻ ശ്ലീഹായ്ക്ക് കഠോരമായ പീഡകൾ ഏൽക്കേണ്ടിവന്നു. അവിടെ രക്തസാക്ഷിത്വം വരിക്കാൻ വരെ സാഹചര്യം ഉണ്ടായതായി സഭാപിതാക്കന്മാരായ തെർത്തുല്യനും, ജറോമും സാക്ഷ്യപ്പെടുത്തുന്നുണ്ട്. തിളയ്ക്കുന്ന എണ്ണയിലേക്ക് - വറചട്ടിയിലേക്ക് യോഹന്നാൻ എറിയപ്പെട്ടെങ്കിലും താൻ രക്ഷപെട്ടു.

എ. ഡി. 81-ൽ ഡൊമീഷ്യൻ അധികാരത്തിൽ വന്നു. തന്നെ ദൈവമെന്ന് വിളിക്കാനും വിജാതീയ ദേവാലയങ്ങളിൽ തന്റെ തങ്ക വിഗ്രഹങ്ങളും പ്രതിമകളും സ്ഥാപിച്ച് വണങ്ങാനും അദ്ദേഹം കല്പനയിറക്കി. ക്രിസ്തീയ വിശ്വാസത്തോട് അദ്ദേഹം ദയ കാണിച്ചില്ല. അദ്ദേഹത്തിന്റെ മർദ്ദനകാലത്ത് ഫീലിപ്പോസിന്റെ ജീവൻ നഷ്ടപ്പെട്ടു. യോഹന്നാനെ അദ്ദേഹം തടവിലാക്കിയെങ്കിലും വധിച്ചില്ല. പത്മോസ് ദ്വീപിലേക്കു അദ്ദേഹത്തെ നാടുകടത്തി. ദൈവത്തിന്റെ വചനം മിശിഹായുടെ നാമത്തിൽ അവിടെ പ്രസംഗിച്ചതിനാൽ അദ്ദേഹത്തിന് ഏറെ പീഡനങ്ങളുണ്ടായി. ഈ സഹനങ്ങളുടെ മദ്ധ്യേയാണ് യോഹന്നാന് ദിവ്യ വെളിപാട് ലഭിക്കുന്നത്. എ. ഡി. 96 സെപ്തംബർ മാസം 18-ാം തീയതി ഡൊമീഷ്യൻ ചക്രവർത്തി സ്ഥാനഭ്രഷ്ഠനാക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്തു. അതിനുശേഷം മാർക്കസ് കോപെയൂസ് നോർവ ചക്രവർത്തിയായി നിയമിക്കപ്പെട്ടു. സഭയെ പീഡിപ്പിക്കാൻ നോർവ ആഗ്രഹിച്ചില്ല. അദ്ദേഹം ക്രിസ്ത്യാനികളോട് ദയാപൂർവ്വം പെരുമാറി. നാടുകടത്തപ്പെട്ടവർക്ക് തിരികെ വരാൻ അനുവാദം നൽകി. തന്മൂലം യോഹന്നാന് എഫേസൂസിലേക്ക് തിരികെ പോകാനുള്ള അവസരം ലഭിച്ചു. യോഹന്നാന് അപ്പോൾ 90 വയസ്സുണ്ടായിരുന്നു.

യോഹന്നാന്റെ മരണം

യോഹന്നാൻ ട്രാജന്റെ ഭരണകാലം വരെ ജീവിച്ചിരുന്നതായി എവുസേബിയസ്, അലക്സാണ്ട്രിയായിലെ ക്ലെമന്റ് എന്നിവർ രേഖപ്പെടുത്തിയിട്ടുണ്ട്. ട്രാജൻ ഭരണം ആരംഭിക്കുന്നത് എ. ഡി. 98 ജനുവരി മാസത്തിലാണ്. യോഹന്നാൻ ശ്ലീഹായുടെ അവസാന വർഷങ്ങൾ വളരെ ദുരിത പൂർണ്ണമായിരുന്നു എന്നാണ് സഭാചരിത്ര പണ്ഡിതന്മാർ പറയുന്നത്. അദ്ദേഹത്തിന്റെ കാലുകളിൽ വ്യണവും വേദനയുമുണ്ടായിരുന്നു. "കുഞ്ഞുങ്ങളെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ" എന്ന് തന്റെ അവസാന ദിവസങ്ങളിൽ അദ്ദേഹം എല്ലാവരോടും പറയുമായിരുന്നു. മരണം തന്നെ സമീപിക്കുന്നു എന്ന് മനസിലാക്കിയ യോഹന്നാൻ തന്നെ നഗരകവാടത്തിനു പുറത്തുകൊണ്ടുവരാൻ ശിഷ്യന്മാരോടു കല്പിച്ചു. തന്റെ കുഴിമാടത്തിങ്കലേക്ക് നയിക്കുവാൻ ശ്ലീഹാ ശിഷ്യന്മാരോട് ആവശ്യപ്പെട്ടു. കബറിങ്കലെത്തിയ താൻ ഇപ്രകാരം പ്രാർത്ഥിച്ചു. "കർത്താവായ യേശുവേ, നീ എന്റെ കൂടെ ഉണ്ടായിരിക്കേണമെ." അധികം താമസിയാതെ ശ്ലീഹാ സാധാരണ മരണം പ്രാപിച്ചു.

യോഹന്നാന്റെ ഓർമ്മ

പൗരസ്ത്യ നാടുകളിൽ സെപ്റ്റംബർ 26-നും ചില സഭകൾ മെയ് 9- നും ശ്ലീഹായെ ഓർക്കുന്നു. പൗരസ്ത്യ സുറിയാനി സഭകൾ ദനഹാക്കാലം മൂന്നാം വെള്ളിയാഴ്ച സുവിശേഷകന്മാരോടൊപ്പമാണ് ശ്ലീഹായെ അനുസ്മരിക്കുന്നത്.

പുതിയനിയമത്തിൽ ഏതാണ്ട് 30 പ്രാവശ്യം യോഹന്നാനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ സീനിയർ ശുശ്രൂഷകനും ഓണക്കൂർ സെഹിയോൻ പള്ളി ഇടവകാംഗവും, പ്രധാന ശുശ്രൂഷകനും സുറിയാനി ആരാധനക്രമങ്ങളിൽ നിപുണനുമായ കുര്യൻ മാത്യുവിന്റെ സംസ്കാര ശുശ്രൂഷകൾക്ക് പ. കാതോലിക്കാ ബാവതിരുമനസുകൊണ്ട് നേതൃത്വം നൽകി. അങ്കമാലി ഭദ്രാസന അധിപൻ യൂഹാനോൻ മാർ പോളികാർപ്പൊസ് സഹകാർമികത്വം വഹിച്ചു.



സഭാ കവി സി. പി ചാണ്ടി സാറിന്റെ 14-ാം ചരമവാർഷികത്തോടനുബന്ധിച്ച് പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് ആഡിറ്റോറിയത്തിൽ നടന്ന അനുസ്മരണ സമ്മേളനവും, ആചാര്യ അവാർഡ് ദാനവും

"സഹോദരസ്നേഹത്തിലും ദൈവസ്നേഹത്തിലും ഐശ്വര്യമുള്ളവരായിരിപ്പിൻ. സഹോദരന്മാർ തമ്മിൽ ഒരിക്കലും വഞ്ചന പെരുമാറരുത്. ഐക്യതയിൽനിന്നു വിട്ടകലുംതോറും ദൈവത്തിൽ നിന്നും വിട്ടകലും; നിശ്ചയമാണ്. ദൈവകൃപ കൂടാതെ ഒന്നും ആകുകയില്ലെന്നു നല്ല ശരത്തിൽ വിശ്വസിച്ച് ഉറച്ചു കൊൾക."

"നന്മ കൊണ്ടല്ലാതെ തിന്മ കൊണ്ടു ശത്രുവിനെ ജയിപ്പാൻ നോക്കുന്നതു റൂഹായ്ക്കടുത്ത ജ്ഞാനമല്ലല്ലോ. ... സത്യവാനായ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടും സത്യ ആന്തരത്തോടുകൂടിയും ഇറങ്ങിക്കൊള്ളുക. ദൈവം അതിനെ നിറവേറ്റിത്തരും."

- പ. പരുമല തിരുമേനി

ലേഖനം

ഓർത്തഡോക്സ് സഭയ്ക്കെതിരായ ആരോപണങ്ങൾ പലതും തെറ്റിദ്ധാരണയിൽ നിന്നും

ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്

ഡൽഹി സെ. സ്റ്റീഫൻസ് കോളജിലെ മുൻ പ്രിൻസിപ്പലും, ക്രൈസ്തവ വേദശാത്രജ്ഞനും, വിദ്യാഭ്യാസ വിചക്ഷണനും, അറിയപ്പെടുന്ന എഴുത്തുകാരനും, വിവർത്തകനുമായ റവ. ഡോ. വൽസൻ തമ്പു ഓർത്തഡോക്സ് സഭയുടെ സുഹൃത്തും, ഭാഗ്യസ്മരണാർഹനായ ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയെ ഗുരുതുല്യം കരുതി ബഹുമാനിക്കുന്ന വ്യക്തിയുമാണ് എന്നാണ് മനസിലാക്കിയിട്ടുള്ളത്. എന്നാൽ സമീപകാലത്തായി അദ്ദേഹം ഈ സഭയുടെ നിലപാടും, സഭ പുലർത്തിവരുന്ന ധാർമ്മികവും ക്രിസ്തീയവുമായ മൂല്യങ്ങളും ചോദ്യം ചെയ്തുകൊണ്ട് ആവർത്തിച്ച് അഭിപ്രായപ്രകടനം നടത്തുന്നതായി കാണുന്നു. ഇത് അതീവ ദുഃഖകരവും അദ്ദേഹത്തെപ്പോലൊരു പ്രതിഭാശാലിക്ക് തികച്ചും അനനുയോജ്യവും എന്നു വിലയിരുത്തേണ്ടിവരുന്നു.

ഏതാനും മാസങ്ങൾ മുമ്പ് കട്ടച്ചിറ പള്ളിയിൽ ഉണ്ടായ ഒരു ശവസംസ്ക്കാര പ്രശ്നത്തിന്റെ പശ്ചാത്തലത്തിൽ പത്രത്തിൽ ഒരു ലേഖനം എഴുതിയിരുന്നു. വ്യവസ്ഥാപിത സഭകളെയും, സഭാനിയമങ്ങളെയും പൊതുവായി വിമർശിച്ചിരുന്ന ആ ലേഖനത്തിൽ, കട്ടച്ചിറ പള്ളിയിൽ ഉണ്ടായ പ്രശ്നത്തിന്റെ ഒരു ഏകപക്ഷീയമായ വിവരണം നൽകിയിട്ട് ഓർത്തഡോക്സ് സഭയെ നിശിതമായി വിമർശിച്ചിരുന്നു. ക്രിസ്തീയ സഭകളെല്ലാം തന്നെ ചില നിയമങ്ങളുടെയും ആചാരങ്ങളുടെയും കടുംപിടിത്തത്തിലൂടെ ജനങ്ങൾക്ക് അസൗകര്യങ്ങൾ ഉണ്ടാക്കുന്നു, സഭയിലെ പുരോഹിതന്മാർ 'പരീശ മനോഭാവത്തോടെ' പെരുമാറുന്നു; എന്നെല്ലാമായിരുന്നു പൊതു ആരോപണങ്ങൾ.

യേശുക്രിസ്തുവിന്റെ ഉപദേശങ്ങൾ അക്ഷരം പ്രതി അനുസരിക്കാൻ എല്ലാവരും ബാധ്യസ്ഥരാണെന്ന സത്യം മറക്കാതെ തന്നെ ചോദിക്കട്ടെ, പൂർണ്ണമായും ക്രിസ്തീയ ഉപദേശങ്ങൾക്കനുസരിച്ചു തന്നെയാണോ അദ്ദേഹം ജീവിക്കുന്നത്? അല്ലെങ്കിൽ പിന്നെ മറ്റുള്ളവരെ കുറ്റപ്പെടുത്തുവാൻ അദ്ദേഹത്തിന് എന്തവകാശം?

എ. ഡി. നാലാം നൂറ്റാണ്ടുവരെ പ്രത്യേക നിയമങ്ങൾ ഒന്നുമില്ലാതെ പ്രവർത്തിച്ചിരുന്ന ക്രിസ്തീയ സഭ വളർന്നു വലുതായപ്പോൾ സഭയുടെ സാക്ഷ്യം ഒന്നുകൂടെ ക്രമീകൃതമാകുവാനായിട്ടല്ലേ നിയമങ്ങൾ (കാനോനാകൾ) സഭയിൽ ഉണ്ടാക്കുവാൻ തുടങ്ങിയത്? ചില സന്ദർഭങ്ങളിൽ നിയമങ്ങളിൽ ചില വിട്ടുവീഴ്ചകൾ അനുവദനീയമാണ് എങ്കിലും ഓരോരുത്തരുടെയും ഇഷ്ടാനുസരണം അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് നിയമങ്ങൾ മാറ്റാനാവുമോ? സഭകൾ വളർന്ന് സംഘടനാരൂപം കൈവരിച്ചപ്പോൾ ചില അനാചാരങ്ങൾ ഉടലെടുത്തു എന്നത് നിഷേധിക്കാനാവില്ല. ആത്മാർത്ഥതയില്ലാത്ത ചില നേതാക്കന്മാരും ഉണ്ടായിക്കാണാം. പൊതുവായി മൂല്യച്യുതി സംഭവിച്ചു എന്നതും ഒരു സത്യമാണ്. ആ വീഴ്ചകളെ ഒന്നും ന്യായീകരിക്കാനാവില്ല എന്ന് സമ്മതിക്കുന്നു. പക്ഷേ അതിന്റെ പേരിൽ ക്രിസ്തീയ സഭകളെ അടച്ചാക്ഷേപിക്കുന്നത് ക്രിസ്തീയമാണോ?

ഓരോ പുരോഹിതനും അർപ്പിക്കുന്ന കൂദാശകളുടെ സാധുത അയാളുടെ ധാർമ്മികജീവിതത്തെ മാത്രം അടിസ്ഥാനപ്പെടുത്തിയാണ് നിശ്ചയിക്കപ്പെടുന്നത് എങ്കിൽ, ഈ ലോകത്തിൽ ഏതെങ്കിലും പുരോഹിതന് കൂദാശാ കർമ്മങ്ങൾ നടത്തുവാൻ സാധിക്കുമോ. പാപപങ്കിലമായ ലോകത്തിൽ ജീവിക്കുമ്പോൾ, ക്രമേണ പാപത്തെ അകറ്റുവാൻ ശ്രമിച്ചുകൊണ്ട് നിരന്തരമായ പ്രാർത്ഥനയിലൂടെ സ്വയം വിശുദ്ധീകരിച്ച് ദൈവത്തിങ്കലേക്കടുക്കുവാനുള്ള നിലയ്ക്കാത്ത പ്രക്രിയയാണ് ക്രിസ്തീയ ജീവിതം എന്നാണ് കിഴക്കൻ പിതാക്കന്മാർ പഠിപ്പിച്ചിട്ടുള്ളത്. സ്വന്തം തിക്താനുഭവങ്ങളിൽ നിന്നും ഉടലെടുത്ത വിമർശനങ്ങളല്ലേ ഇവയിൽ ചിലത് എന്നു വായനക്കാരനു തോന്നിപ്പോകുന്നു.

പൊതു വിമർശനത്തിനുശേഷം അദ്ദേഹം ഓർത്തഡോക്സ് സഭയിലേക്ക് തിരിയുന്നു. സഭയെ കുറ്റപ്പെടുത്തുന്നതിനായി വിശുദ്ധ വാരാചരണത്തിന്റെ പശ്ചാത്തലത്തിൽ എന്ന തലക്കെട്ടോടെ വാട്ട്സ്ആപ്പിൽ സഭയെ നേരിട്ട് ആക്ഷേപിച്ചുകൊണ്ട് ഒരു ലേഖനവും കൂടി പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

സഭാ തർക്കത്തിൽ ഏർപ്പെട്ടിരിക്കുന്ന പാത്രിയർക്കീസ് വിഭാഗത്തിന്റെ വക്കീലായി ചമഞ്ഞുകൊണ്ട് എഴുതിയിരിക്കുന്ന രണ്ടു ലേഖനങ്ങളിലും പറഞ്ഞിരിക്കുന്ന വാദങ്ങളുടെ നട്ടെല്ല്, ആരോ അദ്ദേഹത്തെ പറഞ്ഞു പഠിപ്പിച്ച ഏതാനും അസത്യങ്ങളും അർദ്ധ സത്യങ്ങളുമാണ്. ഒന്നാമത് കട്ടച്ചിറ പള്ളിയിൽ മരണമടഞ്ഞ വല്യപ്പച്ചന് മാന്യമായ ശവസംസ്ക്കാരം ആരും നിഷേധിച്ചില്ല. അവിടെ പള്ളിയിലും സെമിത്തേരിയിലും, ഓർത്തഡോക്സ് സഭയിലെ വൈദികനു മാത്രമേ കയറാൻ അവകാശമുള്ളു എന്ന് കോടതിവിധിയുള്ളതിനാൽ എല്ലാ ബഹുമതികളോടെയും ശവസംസ്ക്കാരം നടത്താമെന്ന് അവിടുത്തെ നിയമാനുസൃത വികാരി ആദ്യം തന്നെ സമ്മതിച്ചിരുന്നതാണ്. മരിച്ചയാളിന്റെ ബന്ധുവായ പാത്രിയർക്കീസ് വിഭാഗത്തിലെ വൈദികന് ശുശ്രൂഷയിൽ സംബന്ധിക്കാമെന്നും അദ്ദേഹത്തെ തടയില്ല എന്നും പറഞ്ഞതാണ്. അപ്പോൾ അദ്ദേഹത്തിന് തനിയെ കർമ്മങ്ങൾ നടത്തണം എന്ന വാശിയാണ് പ്രശ്നം സൃഷ്ടിച്ചത്. അദ്ദേഹത്തിന് പള്ളിയിലും സെമിത്തേരിയിലും അനധികൃതമായി പ്രവേശിക്കുന്നതിന് വഴിയൊരുക്കുക എന്ന ദുരുദ്ദേശ്യമാണ് അതിനു പിന്നിലുണ്ടായിരുന്നത്. അതിനു ഓർത്തഡോക്സ് സഭ വഴിപ്പെടാതിരുന്നതിനാണ് പത്തുദിവസം മൃതശരീരം വച്ച് വിലപേശി, പൊതുസമൂഹത്തിന്റെ സഹതാപം പിടിച്ചുപറ്റി, വികാരം ഇളക്കിവിടുവാൻ ശ്രമിച്ചത്. ആ പിതാവിനോട് ബഹുമാനം കാണിക്കാതിരുന്നത് അദ്ദേഹത്തിന്റെ ബന്ധുക്കൾ തന്നെയാണ്. പാത്രിയർക്കീസ് വിഭാഗം നടത്തുന്ന അസത്യ പ്രചരണം ബഹു. ഡോ. വൽസൻ തമ്പു അതേപടി വിശ്വസിച്ചു.

രണ്ടാം ലേഖനം കാൽകഴുകൽ ശുശ്രൂഷയെ പ്രത്യേകമായി കേന്ദ്രീകരിച്ചുകൊണ്ട് എഴുതിയിരിക്കുന്നു. ആ ശുശ്രൂഷയുടെ ആന്തരിക അർത്ഥം മനസിലാക്കാൻ കൂട്ടാക്കാതെ, കാൽ കഴുകുന്നയാളിന്റെ വ്യക്തിപരമായ സ്വഭാവത്തിന്റെ ഒരു പ്രതിഫലനം എന്ന നിലയിൽ മാത്രം അദ്ദേഹം അതിനെക്കണ്ടു. ഓർത്തഡോക്സ് സഭയുടെ ആരാധനാ വേദശാസ്ത്രത്തെ ആഴത്തിൽ മനസിലാക്കാൻ കഴിയാഞ്ഞതിന് ഒരുപക്ഷേ അദ്ദേഹത്തെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. കാൽകഴുകൽ ശുശ്രൂഷ താഴ്മയെക്കുറിച്ചും, സ്നേഹത്തെക്കുറിച്ചുമുള്ള ഒരു പ്രസംഗമാണ്. അതിൽ സംബന്ധിക്കുന്ന മുഴുവൻപേരും അഹങ്കാരവും അശുദ്ധിയും വെടിഞ്ഞ് നിർമ്മലരും താഴ്മയുള്ളവരും ആയിത്തീരണമെന്നുള്ള ആഹ്വാനമാണ് അതിന്റെ പിന്നിലുള്ളത്. അനേക തരത്തിലുള്ള അഹങ്കാരങ്ങൾ മനുഷ്യമനസുകളിൽ നിറഞ്ഞു നിൽക്കുന്നു പണത്തിന്റെ അഹങ്കാരവും, ജ്ഞാനത്തിന്റെ അഹങ്കാരവും, ശക്തിയുടെ അഹങ്കാരവും, താൻ മറ്റുള്ളവരെക്കാൾ ശ്രേഷ്ഠനാണെന്ന അഹങ്കാരവും, മറ്റുള്ളവർ പാപികളും താൻ നിർമ്മലനും, കർത്താവിന്റെ ഉപദേശങ്ങൾ കൃത്യമായി പാലിക്കുന്നവനുമാണെന്ന അഹങ്കാരവും എല്ലാം ഉണ്ടാവും. ഈ അഹങ്കാരങ്ങളെയെല്ലാം ഉടച്ച് ഇല്ലാതാക്കണമെന്ന ദൂതാണ് കാൽകഴുകലിൽ ഉൾപ്പെട്ടിരിക്കുന്നത്. അതു നടത്തുന്നയാൾ അവയെല്ലാം പാലിക്കണം എന്നതു ശരിതന്നെ. അതോടൊപ്പം ഓരോ ക്രിസ്ത്യാനിയും അവ പാലിക്കാൻ ബാധ്യസ്ഥനാണ്. യഥാർത്ഥ സ്നേഹത്തിന്റെ ദൂതാണ് കാൽകഴുകലിലൂടെ ലഭിക്കുന്നത്. കോരിന്ത്യ ലേഖനത്തിൽ പറയുന്ന യഥാർത്ഥ സ്നേഹത്തിന്റെ പ്രകടനമാണോ ബഹു. വൽസൻ തമ്പുവിന്റെ ഈ വിമർശനത്തിൽ ഉൾക്കൊണ്ടിരിക്കുന്നത്? അദ്ദേഹം ഒരു വിരൽ ഓർത്തഡോക്സ് സഭയ്ക്കെതിരെ ചൂണ്ടുമ്പോൾ നാലുവിരലുകൾ അദ്ദേഹത്തിനെതിരെ ചൂണ്ടപ്പെടുന്നു എന്ന യാഥാർത്ഥ്യം അദ്ദേഹം ഉൾക്കൊള്ളണം. ഓർത്തഡോക്സ് സഭ താഴ്മയോടെ വിട്ടുവീഴ്ച ചെയ്യണമെന്ന് പറയുന്നയാൾ

പാത്രിയർക്കീസ് വിഭാഗം താഴ്മയോടെ കോടതിവിധി അംഗീകരിക്കണം എന്നുകൂടി പറയുവാൻ എന്തേ മറന്നുപോയി? തർക്കത്തിന്റെ വിവിധ വശങ്ങൾ പരിഗണിച്ച് മനസിലാക്കിയതിനു ശേഷമാണല്ലോ കോടതികൾ തീർപ്പു കൽപ്പിക്കുന്നത്. അത് അനുസരിക്കാൻ ഓരോ പൗരനും ബാധ്യതയുണ്ട് എന്ന സത്യം ഉറക്കെപ്പറയാൻ എന്താണ് വൈമനസ്യം?

മലങ്കര ഓർത്തഡോക്സ് സഭ പോരാടുന്നത് നീതിനിഷേധത്തിനെതിരേയാണ്. പാത്രിയർക്കീസ് വിഭാഗം കൈയടക്കിവച്ചിരിക്കുന്ന ദേവാലയങ്ങൾ എല്ലാം അവർ തനിയേ ഉണ്ടാക്കിയവയാണെന്ന തെറ്റിദ്ധാരണയിൽ നിന്നാണ് അദ്ദേഹത്തിന്റെ വാദങ്ങൾ ഉടലെടുക്കുന്നത്. ഇപ്പോൾ സഭയിൽ നടമാടിക്കൊണ്ടിരിക്കുന്ന വിഘടനങ്ങൾ 1910-11 കാലത്ത് ആരംഭിച്ചു എന്നു പറയാം. അതിനുമുമ്പ് സഭ ഒന്നായി നിന്നിരുന്നു. ഈ തീയതിക്ക് പതിറ്റാണ്ടുകളും, നൂറ്റാണ്ടുകളും മുമ്പ് സ്ഥാപിക്കപ്പെട്ടവയാണ് ഇന്ന് തർക്കത്തിലിരിക്കുന്ന പ്രധാന പള്ളികളെല്ലാം. ഇന്ന് ഇരുവിഭാഗങ്ങളായി നിൽക്കുന്നവരുടെ പൂർവ്വപിതാക്കന്മാർ ഒരുമിച്ചു നിന്നു സമ്പാദിച്ച പള്ളികളും വസ്തുക്കളും എങ്ങിനെ പാത്രിയർക്കീസ് വിഭാഗക്കാരുടേത് മാത്രമാകും? 1958 -ൽ സഭയിൽ സമാധാനമുണ്ടാവുകയും, അതുവരെ ഉണ്ടായിരുന്ന എല്ലാ തർക്കങ്ങളും അതോടെ പരിഹരിക്കപ്പെടുകയും ചെയ്തു. 1958 മുതൽ 12 വർഷം എല്ലാവരും ഒരുമിച്ചു നിന്നു പള്ളികൾ ഭരിച്ചകാര്യം വിസ്മരിക്കാനാവുമോ?

1934 -ലെ ഭരണഘടന ഇരുകൂട്ടരും അനുസരിക്കും എന്ന വാഗ്ദാനത്തിൽ അടിസ്ഥാനപ്പെടുത്തിയല്ലേ 1958 -ൽ സമാധാനം ഉണ്ടായത്? പിന്നീട് പാത്രിയർക്കീസ് വിഭാഗം ആ വാഗ്ദാനത്തിൽ നിന്ന് പിന്നോട്ടുപോയത് വഞ്ചനയല്ലേ? അതേ ഭരണഘടന ഇരുവരും ചേർന്നുനിന്ന് 1967 -ൽ ഭേദഗതി ചെയ്ത കാര്യവും വിസ്മരിക്കരുത്. അതിനുശേഷം 1972-73 കാലത്ത് അന്ത്യോഖ്യ പാത്രിയർക്കീസിന്റെ അധികാര സീമയെ ചൊല്ലിയുള്ള, ഭരണപരമായ കാരണങ്ങളുടെ പേരിൽ മാത്രമല്ലേ വീണ്ടും സഭയിൽ വിഘടനമുണ്ടാക്കിയത്? അതേ തുടർന്ന് പാത്രിയർക്കീസ്, അനധികൃതമായി മലങ്കരസഭയുടെ ഭരണത്തിൽ കൈകടത്തി, ഡലിഗേറ്റിനെ അയയ്ക്കുകയും, ഭരണഘടനയ്ക്കു വിരുദ്ധമായി മെത്രാന്മാരെ വാഴിച്ചയയ്ക്കുകയും, ഒരു സമാന്തര ഭരണം സ്ഥാപിക്കുകയും ചെയ്തത് ക്രിസ്തീയമായിരുന്നോ? കാതോലിക്കാ സ്വയം 'മാർത്തോമ്മായുടെ സിംഹാസനത്തിൽ ആരൂഢൻ' എന്ന തലക്കെട്ട് ഉപയോഗിക്കുന്നു എന്ന കാരണം ഉയർത്തിക്കാട്ടിയല്ലേ വഴക്കിന് ആരംഭം കുറിച്ചത്?

പാത്രീയർക്കീസ്, മാർത്തോമ്മ ശ്ലീഹായ്ക്ക് പട്ടമില്ല എന്ന വേദവിപരീതം വിളിച്ചു പറഞ്ഞില്ലേ? വടക്കൻ കേരളത്തിലെ പ്രത്യേകിച്ച് എറണാകുളം ജില്ലയിലെ ഏതാനും പള്ളികളിൽ പാത്രിയർക്കീസ് വിഭാഗം ഉണ്ടാക്കിയെടുത്ത ഭൂരിപക്ഷത്തിന്റെ പേരിൽ അനധികൃതമായി ഏതാനും പള്ളികളുടെ നിയന്ത്രണം അവരുടെ കൈയിൽ വന്നുചേർന്നു എന്നതാണ് സത്യം. പാവം വിശ്വാസികളെ ഭീഷണിപ്പെടുത്തിയും, പ്രീണിപ്പിച്ചും ഉണ്ടാക്കിയെടുത്ത ഭൂരിപക്ഷത്തിന്റെ പേരിൽ ആ പള്ളികളെല്ലാം അവരുടേത് മാത്രമാണെന്ന വാദം സത്യവിരുദ്ധമാണ്. 1958 മുതൽ വ്യവസ്ഥാപിതമായി ഭരണം നടന്നുകൊണ്ടിരുന്ന പള്ളികളിൽ നിന്നും 1972-73 കാലംമുതൽ ഓർത്തഡോക്സ് സഭയുടെ വികാരിമാരെ നിഷ്കരുണം പുറത്താക്കി മറുഭാഗം ഭരണം പിടിച്ചെടുത്ത സംഭവം ബഹു. വൽസൻ തമ്പു മനസിലാക്കേണ്ടതുണ്ട്.

നിയമയുദ്ധം ഓർത്തഡോക്സ് സഭ ജയിച്ചു, എന്നാൽ ആത്മീകമായിക്കൂടി സഭ വളരണം എന്ന് അദ്ദേഹം പറയുന്നു. ആത്മീകമായി താഴ്മ കാണിച്ചു കൊണ്ടുതന്നെയാണ് സഭ സമാധാനത്തിന് ആഹ്വാനം ചെയ്യുന്നത്. എന്നാൽ പാത്രിയർക്കീസ് വിഭാഗം ഇപ്പോഴും പറയുന്നു തങ്ങൾ ഐക്യത്തിന് തയ്യാറല്ല. ഓർത്തഡോക്സ് സഭ നിയമയുദ്ധത്തിൽ വിജയിച്ചു എന്ന് അവർ ഇന്നുവരെ സമ്മതിച്ചിട്ടില്ല. 1995-ൽ സുപ്രീംകോടതി ഇരു കക്ഷികളോടും ചോദിച്ചു ഈ പ്രശ്നം കോടതിക്കു പുറത്തു തീർത്തുകൂടെ എന്ന്. അപ്പോൾ പാത്രിയർക്കീസ് വിഭാഗം പറഞ്ഞത് തങ്ങൾക്ക് കോടതിയെ പൂർണ്ണ വിശ്വാസമാണെന്നാണ്. എങ്കിൽ പിന്നെ കോടതിയുടെ തീർപ്പ് അംഗീകരിക്കാത്തതെന്ത്? ഇപ്പോൾ എവിടെപ്പോയി കോടതിയിലുള്ള വിശ്വാസം?

ഓർത്തഡോക്സ് സഭ കലഹത്തിനുവേണ്ടിയോ ആരെയെങ്കിലും പാഠം പഠിപ്പിക്കുന്നതിനുവേണ്ടിയോ കേസിന് പോയതല്ല. കഴിഞ്ഞ നാൽപ്പത്തോളം വർഷങ്ങൾക്കിടയിൽ അനേകം സമവായചർച്ചകൾ നടന്നു. മന്ത്രിമാരുടെ മദ്ധ്യസ്ഥതയിലും, സിവിൽ അധികാരികളുടെ മദ്ധ്യസ്ഥതയിലും, വൈ. എം. സി. എ. യുടെ മദ്ധ്യസ്ഥതയിലും, കോടതി നിയോഗിച്ച നിരീക്ഷകന്റെ മദ്ധ്യസ്ഥതയിലും എല്ലാം ചർച്ചകൾ നടന്നു. അവയൊന്നും ഫലപ്രദമാകാതിരുന്ന സാഹചര്യത്തിലാണ് കേസിന് പ്രാധാന്യം ഉണ്ടായത്. രാത്രിയുടെ മറവിലും, പകൽ വെളിച്ചത്തിലും, ഓർത്തഡോക്സ് സഭയ്ക്ക് അവകാശപ്പെട്ട പള്ളികൾ ഓടുപൊളിച്ചും, കതകുപൊളിച്ചും, കൈയേറുകയും, പിടിച്ചെടുക്കുകയും, അവിടെയുണ്ടായിരുന്ന നിയമാനുസൃത വൈദികരെയും ജനങ്ങളെയും പുറത്താക്കുകയും ചെയ്യുന്നതു കണ്ട് സഹികെട്ടപ്പോഴാണ് ഓർത്തഡോക്സ് സഭ കേസിനുപോയത്. പല കേസുകളും കൊടുത്തത് പാത്രിയർക്കീസ് വിഭാഗമാണ് എന്നതും ശ്രദ്ധിക്കേണ്ടതുണ്ട് ഉദാഹരണം 2017-ൽ വിധിച്ച കോലഞ്ചേരി പള്ളിക്കേസ്. ഒരു ജനാധിപത്യ രാജ്യത്ത് കോടതികൾ എത്ര പ്രധാനപ്പെട്ട താണെന്ന് ആരെയും ബോധ്യപ്പെടുത്തേണ്ടതില്ലല്ലോ. റവ. ഡോ. വൽസൻ തമ്പുവിന്റെ ലേഖനത്തിൽ ഒരിടത്തുപോലും കോടതി വിധി നിഷേധിക്കുന്നത് ഉചിതമല്ല എന്നൊരു വാചകം കണ്ടില്ല. കാര്യങ്ങൾ ആഴമായി പഠിക്കാതെ നിഷ്പക്ഷതയുടെ മൂടുപടമണിഞ്ഞുകൊണ്ട്, ഒരു വിഭാഗത്തെ മാത്രം ന്യായീകരിച്ച് എഴുതുന്നത് ഡോ. വൽസൻ തമ്പുവിനെപ്പോലെ ഒരു പ്രതിഭയ്ക്ക് ഒട്ടും അനുയോജ്യമല്ല എന്നു പറയേണ്ടിയിരിക്കുന്നു.

വിദ്യാവൃദ്ധനും, വിവേകിയും, വിദ്യാഭ്യാസവിചക്ഷണനും ഇങ്ങനെ അനേകം വിശേഷണങ്ങൾ പൊതുസമൂഹം നൽകിയിരിക്കുന്ന ഒരു വ്യക്തിയിൽ നിന്ന്, വസ്തുതകൾ തമസ്ക്കരിച്ചുകൊണ്ട് ഏകപക്ഷീയമായ പ്രസ്താവനകൾ തുടരെയുണ്ടാകുന്നത് അത്യന്തം ദൗർഭാഗ്യകരമാണ്.

❑

മേപ്രാൽ പള്ളി: ഓർത്തഡോക്സ് സഭയുടെ നിലപാടുകൾക്ക് വിജയം



പത്തനംതിട്ട: ജില്ലാ കളക്ടർ വിളിച്ചു ചേർത്ത് ചർച്ചയിൽ മേപ്രാൽ പള്ളി വിഷയത്തിൽ ഓർത്തഡോക്സ് സഭയുടെ നിലപാടുകൾക്ക് വിജയം. പള്ളിയിൽ മേലും പള്ളിവക സ്വത്തിന്മേൽ ഉം പാത്രിയർക്കീസ് വിഭാഗം ഇനി അവകാശവാദം ഉന്നയിക്കുക ഇല്ല. യാക്കോബായ വിഭാഗം വൈദികരും മേൽപ്പട്ടക്കരും വിശ്വാസികളും പള്ളിയിൽ പ്രവേശിക്കുവാൻ ഇനിമേലിൽ ശ്രമിക്കുകയില്ല. കാലം ചെയ്ത ഇത് യാക്കോബായ വിഭാഗം മെത്രാപ്പോലീത്ത മാർ കൂറിലോസ് താമസിച്ചിരുന്ന പള്ളിയുടെ പടിഞ്ഞാറേ മുറ്റത്തുള്ള കെട്ടിടം ഒറിജിനൽ കേസ് തീർപ്പാക്കുന്നത് വരെ ജില്ലാ അധികാരികൾ പൂട്ടി മുദ്ര വെച്ച സൂക്ഷിക്കും.

യാക്കോബായ വിഭാഗം വിശ്വാസികളുടെ ശവസംസ്കാര ശുശ്രൂഷകൾക്ക് 35 വിശ്വാസികൾ മാത്രം സെമിത്തേരിയിൽ പ്രവേശിച്ച് സംസ്കാരം നടത്തുവാൻ ചർച്ചയിൽ പങ്കെടുത്ത ഓർത്തഡോക്സ് പ്രതിനിധികൾ അനുവാദം നൽകിയെങ്കിലും ഇടവകാംഗമായ യാക്കോബായ വൈദികൻ ഉണ്ടെങ്കിൽ പ്രവേശിക്കണമെന്ന് ജില്ലാഭരണകൂടം ആവശ്യപ്പെട്ടു. മേപ്രാൽ സെൻറ് ജോൺസ് ഓർത്തഡോക്സ് ദേവാലയം ഇനി മലങ്കരസഭയ്ക്ക് സ്വന്തം. പകുതയും അച്ചടക്കവും മുഖമുദ്രയാക്കി ഓർത്തഡോക്സ് സഭ കഴിഞ്ഞ ഒരാഴ്ചയായി നടത്തി വന്ന വിധി നടത്തിപ്പ് ശ്രമങ്ങളുടെ പൂർണ വിജയവും ദൈവാനുഗ്രഹവും ആണ് ഇന്നത്തെ തീരുമാനം.

തീരങ്ങൾ സമ്പന്നമാക്കുന്നവൻ

(ക്യംതായ്ക്ക് ശേഷം രണ്ടാം ഞായർ)

വി. യോഹന്നാൻ 21:1-14



ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ

തിബര്യോസ് തീരത്തെ വേദഭൂമിക വാചാലമായത് ക്രിസ്തുസാന്നിദ്ധ്യം ഒന്നുകൊണ്ട് മാത്രമാണ്. ഉത്ഥിതനായ യേശു തിരിച്ചറിയപ്പെടാതെ പോയ തെന്തായിരിക്കും? മാഗ്ദലമറിയം യേശുവിനെ തോട്ടക്കാരനായും (യോഹ 20: 15)എമ്മാവൂസ് യാത്രികർ തന്നെ സഹയാത്രികനായും(വി.ലൂക്കോ 24:116,17) വിചാരിക്കുന്നതായി തിരുവെഴുത്തുകൾ!. യേശു ഉയർത്തേഴുന്നേറ്റപ്പോൾ താൻ ധരിച്ച മഹത്വം മറ്റുള്ളവർ തന്നെ തിരിച്ചറിയുന്നതിനും അസാധ്യമാക്കി തീർത്തു. ആലങ്കാരികമായ മറ്റൊരു വ്യാഖ്യാനവും ഈ സംഭവത്തെ അർത്ഥവത്താക്കുന്നുണ്ട്. ചില ഉൾകാഴ്ച്ചകളുടെ വഴിവെളിച്ചത്തിലേക്ക്...

1. തീരത്തെ ഗുരുവും തിരകളിലെ ശിഷ്യന്മാരും

ഗുരുക്കന്മാർ തീരത്തും ശിഷ്യർ തിരകളിലും ആയിരിക്കുന്നത് ഒരു വൈജ്ഞാനീക യാഥാർത്ഥ്യമാണ്. തിരകളിൽ അകപ്പെട്ടുപോയവരുടെ സ്വപ്നം തീരമാണ്. നിരാശയും ജീവിതഭാരങ്ങളുമാകുന്ന തിരകളിൽ പെട്ടുപോയവരാണ് ശിഷ്യർ. നോമ്പിലെ വ്യാഴാഴ്ച്ച നമസ്ക്കാരത്തിൽ *ലൗകീകർ തിരമാലകളെക്കാൾ ഇളകുന്നുവെന്ന്* പാടുന്നത് ശ്രദ്ധിക്കുക. *തിരമാലകളെക്കാൾ ഇളകുന്ന* ജീവിതത്തിന് യോനാ ഉദാഹരണമാണല്ലോ.

തീരം സമയത്തെയും, നിത്യതയെയും കുറിക്കുന്നു. തിരമാലകളിൽ പോരാടുന്നവർ, *സ്വർഗ്ഗീയമായ അപ്പത്തെ* ഭക്ഷിക്കുന്നതിലേക്ക് നടത്തിയ പോരാട്ടം ശ്രദ്ധേയമാണ്. സ്വർഗ്ഗീയ അപ്പം ഭക്ഷിക്കുവാൻ പോരാട്ടം ആവശ്യമാണ്. നമ്മുടെ ദൈവം ചരിത്രത്തിലെ ദൈവമാണ്. യേശു അലമാലകളിൽ അദ്ധ്വാനിക്കുന്നവരെ കാണുകയും അവരെ സഹായിക്കുകയും ചെയ്യുന്നത് പോലെ, *വർത്തമാനകാലത്തും അവൻ നമ്മെ ഈ പോരാട്ടങ്ങളിൽ ശക്തീകരിച്ചു കൊണ്ടിരിക്കുകയാണ്.* മനുഷ്യന്റെ അദ്ധ്വാനത്തെ വിലമതിക്കുന്ന യേശുവിനെ സുവിശേഷങ്ങളിൽ മുമ്പും കണുന്നുണ്ട്.

ലോകത്തിന്റെ കടുത്ത തിരകളിൽ ക്ഷീണിച്ചവരെ വീണ്ടും നാം കാണുക, *തീരത്തെ ത്രോണോസിനരുകിലാണ്.* അവിടെ തീക്കനൽ കൂട്ടി, അപ്പവും മീനും ഒരുക്കി, ഒടുവിൽ നാം ദർശിക്കേണ്ട സ്നേഹനാഥൻ കാത്തിരിക്കുന്നു. മാത്രമല്ല മുമ്പ് അവിടുന്ന് വർദ്ധിപ്പിച്ചതു അപ്പവും മീനും തന്നെയായിരുന്നല്ലോ. നിത്യ രാജ്യത്തിന്റെ സമൃദ്ധിയും ഇവിടെ സൂചിപ്പിക്കപ്പെടുന്നുവെന്ന് അർത്ഥം. അവിടെ മുമ്പ് പിടിച്ച മീനും ഇപ്പോൾ പിടിച്ചതിൽ നിന്നും കൊണ്ട് വരുന്നതും ഉണ്ട്. *ഇത് പഴയനിയമസഭയെയും പുതിയനിയമ സമൂഹത്തെയും സൂചിപ്പിക്കുന്നു.* ലോകത്തിന്റെ തിരകളിൽ ആയിരിക്കുമ്പോൾ തീരത്ത് അവനുണ്ട് എന്ന ചിന്ത ജീവിതസമരത്തിൽ എത്ര ആശ്വാസകരമാണ്.

2. ജ്വലിക്കുന്ന കനൽ

ഉപജീവനത്തിന് മാർഗ്ഗം തിരഞ്ഞ് കടലിലദ്ധ്വാനിക്കുന്നവർ തീരത്തെ തീക്കനലിലേക്കെത്തുന്ന കാഴ്ച്ച നാമിവിടെ കാണുന്നു. ലോകത്തിന്റെ കടലിൽ നിന്നും കരയിലെ കനലിനരുകിലേക്ക് പ്രവേശിക്കുന്നത് പല മാനങ്ങളിൽ നമുക്ക് കാണാനാകും. *ലോകത്തിന്റെ ഓളങ്ങളിൽ നിന്ന് സ്രഷ്ടവിന്റെ പക്കലേക്കുള്ള മടക്കം പലവിധത്തിലാണ്. (1)വി. പത്രോസ് ശ്ലീഹായെപൊലെ തിരമാലകളോട് പൊരുതിയോ. അതല്ലെങ്കിൽ മറ്റു (2)കൂട്ട് ശ്ലീഹന്മാരെ പൊലെ പടകിൽ തന്നെയിരുന്നോ ആകാം അത്. പടകിൽ നിന്നിറങ്ങുമ്പോൾ കാണുന്ന ഹൃദയഹാരിയായ കാഴ്ച്ച തീരത്ത് കൂട്ടിയിരിക്കുന്ന തീയും ഒരുക്ക് വെച്ചിരിക്കുന്ന അപ്പവുമായി യേശു കാത്തിരിക്കുന്നതാണ്. നമ്മിൽ നിന്ന് ആത്മാവ് വേർപെടുമ്പോൾ സന്തോഷത്തിലേക്ക് മാറ്റപ്പെടുന്നതിന്റെ സൂചനയാണിത്. കാത്തിരിക്കുന്നവനരുകിലേക്ക് നാം ചെല്ലുന്നത് എത്ര സന്തോഷകരമായിരിക്കും.*

3.സമ്പന്നതയുടെ രക്ഷാതീരം തീരം സമ്പന്നമാകുന്നത് ചാകരയുണ്ടാകുമ്പോഴാണ് എന്നല്ലേ നാം കേട്ടിട്ടുള്ളത്? എന്നാൽ തിബര്യോസ് തടാകത്തിന്റെ തീരം സമ്പന്നമാകുന്നത് മീൻപിടുത്തക്കാർ നിമിത്തമല്ല; പ്രത്യുത *മനുഷ്യരെ പിടിക്കുന്നവൻ* നിമിത്തമാണ്. 153 മത്സ്യങ്ങളെ പിടിച്ചതിനെ കുറിച്ച് വി.ജറോം എഴുതിയിട്ടുള്ളത് നമുക്കോർമ്മയുണ്ടാകും; അക്കാലത്തെ ചിന്തഗതിയനുസരിച്ച് ഗലീലാ കടലിലെ എല്ലാജാതി മത്സ്യങ്ങളുടെയും എണ്ണമത്രേ അത്! സമഗ്രമായ മനുഷ്യരുടെ രക്ഷ കവചമായിരുന്നു മശിഹായുടെ രക്ഷാവലയെന്നർത്ഥം.

മശിഹാ വിരുന്നൂട്ടുന്ന ഈ തീരം സമ്പന്നതയുടെ പ്രതീകമാവുന്നത് അവിടെ



വിദഗദ്ധശിൽപ്പികളായ ശിഷ്യസമൂഹത്തെ ആ തീരത്തേക്ക് അടുപ്പിച്ചത് മൂലമാണ്. കാരണം ലോകത്തിന് സുവിശേഷത്തിന്റെ നദികളാവേണ്ട ഉറവകളായിരുന്നു അപ്പോസ്തോലിക സമൂഹം. ലോകത്തിന് വിമോചനത്തിന്റെ തൂണുകളായി മാറുന്ന അവരെ ചേർത്തുപിടിക്കുന്നതിലൂടെയാണ് രക്ഷാതീരം ശക്തിപ്പെടുന്നത്. സഭയുടെ കരുത്ത് അതിന് തൂണുകളാവുന്നവരും,സുവിശേഷവാഹികളായി തീരേണ്ടവരുമാണ്. വിവിധ തലങ്ങളിൽ ലോകത്തിന്റെ അലമാലകളിൽ നഷ്ടപ്പെട്ടവരെ ചേർത്ത് നിർത്തുവാൻ നമുക്ക് സാധിക്കുമ്പോൾ സഭ സമ്പന്നമാകും. *അണച്ച്പിടിക്കേണ്ടവർ അകറ്റിനിർത്തുമ്പോൾ പല വ്യക്തിഗത സംഭാവനകളും നമുക്ക് നഷ്ടപ്പെടുന്നുണ്ട്.* സഭയുടെ പ്രേക്ഷിതദൗത്യത്തിൽ ഇത് നമുക്ക് മാതൃകയാവേണ്ടതല്ലേ?

5. നിങ്ങൾ പിടിച്ചവയിൽ ചിലത്...

ഒന്നും തന്നെ തന്റെ സൃഷ്ടികളായ നമ്മിൽ നിന്ന് അവിടുത്തേക്ക് ആവശ്യമായിരുന്നില്ല. ഇപ്പോൾ പിടിച്ച മീനുകളിൽ ചിലതു കൊണ്ട് വരികായെന്ന യേശുവിന്റെ ആഹ്വാനം നമ്മിൽ നടുക്കം ഉളവാക്കുന്നില്ലേ? ഇതുവരെ ഈ തീരത്ത് നമ്മെ കാത്തിരുന്നവന് എന്തെങ്കിലും നൽകുവാനുണ്ടോ? അവന്റെ കാത്തിരുപ്പ് മുൻപെ പിടിച്ച മീനും അപ്പവും ഒരുക്കിവെച്ചുകൊണ്ടയിരുന്നു; *പഴയനിയമ കാലമാണത്.* അതിനോട് ചേർക്കപ്പെടേണ്ട പുതിയനിയമസമൂഹത്തെ അവിടുന്ന് കാത്തിരിക്കുന്നു. അവന്റെ ചോദ്യത്തിന് പ്രതിവചിച്ചാലുള്ള നേട്ടവും നിരാകരിച്ചാലുള്ള ദോഷവും നമുക്കായിരിക്കുമല്ലോ!

താലന്തുകൾ കുഴിച്ചിടപ്പെട്ടൊരു സമൂഹമായി നാം തീർന്നാൽ എങ്ങിനെ നാം സുവിശേഷദൗത്യം നിർവ്വഹിക്കും.നമ്മുടെ സംഭാവനകളിൽ ചിലത് ദൈവം ആവശ്യപ്പെടുന്നുണ്ട് . *ആവശ്യക്കാർക്കായി അപ്പം വർദ്ധിപ്പിക്കുന്ന അത്ഭുതമാണ് നമ്മുടെ എല്ലാ ജീവിതവ്യാപരങ്ങളും.* അങ്ങിനെയെങ്കിൽ നിങ്ങളുടെ കഠിനമായ അദ്ധ്വാനത്തിന്റെ ആദ്യഫലവുമായി അത്യുന്നതന്റെ ബലിപീഠത്തിനരുകിലെത്താമോ? *ഹാബേൽ കുഞ്ഞാടുമായി* ദൈവസന്നിധിയിൽ എത്തിയത് പോലെ. ലഭിച്ചതും ലഭിക്കേണ്ടതുമായ താലന്തുകളുടെ വരവ് -ചിലവുകൾ നോക്കുന്ന ന്യായവിധിയുടെ ഓഡിറ്റുദിനത്തിനായി ഒരുങ്ങുവാൻ ഇത് മുഖാന്തിരമാകട്ടെ.

Article

THE 'NETS' AND THE 'NET'

Rincy John

Christ is Risen! Indeed He is Risen!

The Holy Gospel reading for the first Sunday after New Sunday is from St John 21: 1-14. In the last blog, (link here- A Tale of Two Coal Fires) we read a contemplation on the 'coal of fires' which make an appearance in the Holy Scripture when Peter denied Jesus and then when the Risen Lord appear to the disciples in the Lake of Tiberias.

In this blog, we will contemplate on another aspect from the entire episode that would have brought bitter-sweet memories in the mind of Peter. The Holy Scripture verses are Gospel of St John 21: 3-6 and Gospel of St Luke 5:3-6. Let us read:

"Simon Peter said to them, "I am going fishing."

They said to him, "We are going with you also." They went out and immediately got into the boat, and that night they caught nothing. But when the morning had now come, Jesus stood on the shore; yet the disciples did not know that it was Jesus. Then Jesus said to them, "Children, have you any food?"

They answered Him, "No."

And He said to them, "Cast the net on the right side of the boat, and you will find some." So they cast, and now they were not able to draw it in because of the multitude of fish. Therefore that disciple whom Jesus loved said to Peter, "It is the Lord!"" (St John 21:3-7; NKJV)

"….And He sat down and taught the multitudes from the boat. When He had stopped speaking, He said to Simon, "Launch out into the deep and let down your nets for a catch."

But Simon answered and said to Him, "Master, we have toiled all night and caught nothing; nevertheless at Your word I will let down the net." And when they had done this, they caught a great number of fish, and their net was breaking. (St Luke 5:3-6; NKJV)


The second biblical verse occurs at the beginning of our Lord's ministry and the first one happens after His resurrection. When we carefully read the verses in St Luke 5:3-6, we note that Christ in the midst of his discourse to the multitude, asks Simon to 'Launch out into the deep and let down your nets for a catch.

Simon responds that they toiled all night and caught nothing but since Jesus has commanded he will let down the net. Read the verses again.

Jesus asks Simon to let down the 'nets'; not one net but many- the Lord knows it will be a great gain. Simon is perplexed- he toiled all night and caught nothing and here is a Carpenter telling a seasoned fisherman with an authoritative tone that he should now launch his nets. Simon isn't hopeful; his faith isn't 100% but he doesn't want to disobey either. Simon responds that for the sake of Jesus's request he will let down the net though they caught nothing the whole night.

Jesus asked to let down the 'nets'; Simon in half-hearted obedience agrees to let down the 'net'.

The results were astonishing- the number of fishes caught were so huge



that their net was breaking. Had Simon obeyed to let the nets (as Jesus commanded) instead of one net (per his knowledge and experience), perhaps the net wouldn't have come to the point of breaking.

Roughly 3 years later, life comes a full circle for Simon Peter with a similar incident.

Simon Peter is still reeling in the guilt of denying his Lord even though he proclaimed that he would lay down his life for Him. Unsure of forgiveness, uncertain of his purpose and ministry, Simon sought to seek solace in the vocation that he abandoned for Jesus- fishing.

Again, the whole night he toiled relying on his skills as a fisherman but found nothing. The exhausted, guilt ridden, weary man only had to say a defeated 'no' alongwith other disciples when asked by Jesus if they had any food.

They again heard a familiar command- this time to launch the net on the right side. Something would have pierced Simon Peter's heart when he heard it. They were asked to launch only a net this time reminding Simon Peter of his half-hearted obedience and hopelessness. He was hopeless then about the catch, he is unsure now of forgiveness.

The story doesn't end with despair- there is a blessing in the form of multitudes of fish. Lastly, the disciple whom Jesus loved tells Peter- 'It is the Lord'!

How often in our limited understanding we doubt, 'if this is possible with God'? The feast of Resurrection of our Lord and Savior Jesus Christ underlines the message of hope. Our teacher the blessed St Paul distinguishes between the worldly sorrow and godly repentance: "For godly sorrow produces repentance leading to salvation, not to be regretted; but the sorrow of the world produces death."(II Corinthians 7:10, NKJV). The worldly sorrow made Judas Iscariot hang himself however the godly sorrow led Peter to repentance. The worldly sorrow made Adam to hide himself from the Lord, but the godly sorrow made the prodigal son to return to his father.

There are many amongst us who need a helping hand, who are despaired, torn, defeated and like Simon arent sure of launching the nets.

We all may not become great orators, spiritual leaders, counsellors etc but with a gentle nudge and with a ray of hope, we like the beloved disciple John, can definitely tell the broken ones- 'Look unto the Lord'.

"But those who wait on the Lord

Shall renew their strength;

They shall mount up with wings like eagles,

They shall run and not be weary,

They shall walk and not faint." (Isaiah 40:31; NKJV)

❑



ഫാ. ഡോ. എം. പി. ജോർജ് മാർപാപ്പയെ സന്ദർശിച്ചു

കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി അധ്യാപകനും പ്രശസ്ത സംഗീതജ്ഞനുമായ ഫാ. ഡോ. എം. പി. ജോർജ് റോമിൽ പ. ഫ്രാൻസിസ് മാർപാപ്പയെ സന്ദർശിച്ചു. കൂടിക്കാഴ്ചയിൽ ഫാ. ഡോ. എം. പി. ജോർജ് രചിച്ച പുതിയ ഗ്രന്ഥത്തിന്റെ ആദ്യ പ്രതി മാർപാപ്പക്ക് സമർപ്പിച്ചു.

ഫാ. ജോർജ് രചിച്ച സിംഫണിയെപ്പറ്റി ചോദിച്ചറിഞ്ഞ ഫ്രാൻസിസ് മാർപാപ്പ സന്തോഷം പ്രകടിപ്പിക്കുകയും സംഗീത രംഗത്ത് കൂടുതൽ സംഭാവനകൾ നൽകുവാൻ അച്ചന് കഴിയട്ടെയെന്നു ആശംസിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു.




എം.ജി. യൂണിവേഴ്സിറ്റി ബി.എ. പൊളിറ്റിക്കൽ സയൻസ് പരീക്ഷയിൽ രണ്ടാം റാങ്ക് കരസ്ഥമാക്കിയ ലിബിയ മാത്യു എബ്രഹാം. നിരണം ഭദ്രാസനത്തിലെ നെല്ലിമൂട് സെന്റ്. മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.



എം .ജി യൂണിവേഴ്സിറ്റി ബി.എസ്. സി. ഫിസിക്സ് പരീക്ഷയിൽ രണ്ടാം റാങ്ക് കിടങ്ങന്നൂർ സ്വദേശിനി സാന്ദ്ര ഏലിയാസിന്. അധ്യാപകരായ കിടങ്ങന്നൂർ പൊറ്റയിൽ വീട്ടിൽ ഏലിയാസ് പി. വി. യുടെയും ഷീബ മാത്യുവിന്റെയും മകളാണ്.

ഗീവർഗ്ഗീസ് റമ്പാൻ നിര്യാതനായി



പത്തനാപുരം മൌണ്ട് താബോർ ദയറായിലെ ഗീവർഗ്ഗീസ് റമ്പാച്ചൻ (94) നിര്യാതനായി. പുത്തൂർ കൈതകോട് സൈന്റ് ജോർജ് ഓർത്തഡോക്സ് ഇടവകയിൽ ചാന്ത്രാവിൽ കുടുംബാംഗം ആണ് വന്ദ്യ റമ്പാച്ചന്. കാലം ചെയ്ത പ. ദിദിമോസ് കാതോലിക്ക ബാവായുടെയും, സഖറിയാ മാർ ദിവന്നാസിയോസ് തിരുമേനിയുടെയും ശിക്ഷ്യനായി ഇരുപത്തി രണ്ടാം വയസ്സിൽ പത്തനാപുരം ദയറായിൽ അംഗമായ ഗീവർഗ്ഗീസ് റമ്പാച്ചൻ എപ്പോഴും ലളിതമായ ആത്മീയ ജീവിതം നയിക്കുവാൻ ആഗ്രഹിച്ചിരുന്നു. അതുകൊണ്ട് തന്നെ പത്തനാപുരം ദയറായുടെ ചുമതലയിൽ ഉള്ള മൈലം കുളമുടി ആശ്രമത്തിൽ വന്ദ്യ റമ്പാച്ചൻ 66 വർഷമായി ഏകാന്തവാസം നടത്തുകയായിരുന്നു. പുറം ലോകവുമായി യാതൊരു ബന്ധവും ഇല്ലാതെ ഏറിയ സമയവും ധ്യാനത്തിലും ഉപവാസത്തിലും ആയിരിക്കുവാൻ ആയിരുന്നു വന്ദ്യ റമ്പാച്ചൻ ശ്രമിച്ചിരുന്നു.

ജോളി കുരുവിളയ്ക്ക് നേഴ്സിങ്ങിൽ ഡോക്ടറേറ്റ്



ന്യൂയോർക്ക്: ദീർഘകാലമായി നേഴ്സിങ് രംഗത്തു പ്രവർത്തിക്കുന്ന ജോളി കുരുവിളയ്ക്ക് നേഴ്സിങ്ങിൽ ഡോക്ടറേറ്റ്. ന്യൂറോ എൻഡോവാസ്ക്കുലർ പ്രൊസീജ്യേഴ്സ് ഇൻ ദി കാത്ത് ലാബ് എന്ന വിഷയത്തിലാണ് അരിസോണയിലെ ഫീനിക്സിലുള്ള ഗ്രാൻഡ് കാനിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും നേഴ്സിങ് രംഗത്തെ ഉന്നത ബിരുദത്തിന് അർഹയായത്. 2018 ഒക്ടോബറിൽ പൂർത്തിയാക്കിയ പ്രൊജക്ടിന്റെ അവാർഡ് പ്രഖ്യാപനം 2019 ഏപ്രിൽ 27-നായിരുന്നു. ഇപ്പോൾ ലിവിങ്സ്റ്റണിലുള്ള സെന്റ് ബാർണബസ് മെഡിക്കൽ സെന്ററിൽ കാത്ത് ലാബിൽ സേവനമനുഷ്ഠിക്കുന്നു. ഒപ്പം, ആർഡബ്ല്യുജെ ബർണബസ് മൊബൈൽ ഹെൽത്ത് ട്രെയ്നിങ് സെന്ററിൽ പഠിപ്പിക്കുകയും ചെയ്യുന്നു ജോളി മൗണ്ട് ഒലീവ് സെന്റ് തോമസ് ഓർത്തഡോക്സ് സ്ഥാപക ഇടവകാംഗവും ജോയിന്റ് സെക്രട്ടറിയുമാണ്.




ചെങ്ങന്നൂർ ഭദ്രാസന വിദ്യാർത്ഥി പ്രസ്ഥാന വാർഷികം ഡോ. മാത്യൂസ് മാർ തീമോത്തിയോസ് ഉദ്ഘാടനം ചെയ്യുന്നു.



പഴന്തോട്ടം പള്ളിയിൽ മെത്രാപ്പോലീത്തക്ക് സ്വീകരണം

40 വർഷങ്ങൾക്ക് ശേഷം ഓർത്തഡോക്സ് സഭയുടെ അങ്കമാലി ഭദ്രാസന കീഴിലുള്ള പഴംതോട്ടം സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ ആഭിമുഖ്യത്തിൽ അങ്കമാലി ഭദ്രാസന മർത്തമറിയം സമാജ വാർഷിക സമ്മേളനം സമുചിതമായി കൊണ്ടാടി. ഇടവക മെത്രാപ്പോലീത്ത യൂഹാനോൻ മാർ പോളിക്കാർപ്പോസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. കലുഷിതമായ ഒരു അന്തരീക്ഷത്തിലും സമാധാനപരമായി ഭദ്രാസനത്തിലെ വിശ്വാസികൾക്കും മർത്തമറിയം സമാജം അംഗങ്ങൾക്കും ഒന്നിച്ചു കൂടുവാൻ പഴന്തോട്ടം പള്ളിയിൽ സാഹചര്യമൊരുങ്ങിയത് ദൈവകൃപ ആയി കാണുന്നു എന്നു മെത്രാപ്പോലീത്താ തന്റെ പ്രഭാഷണത്തിൽ പറഞ്ഞു. സഭ ദൈവത്തിന്റേത് ആണ്. മാനുഷിക ബുദ്ധിയിൽ കവിഞ്ഞ ദൈവ സ്നേഹം ആണ് സഭയുടെ സാക്ഷ്യം എന്നും അതാണ് സഭക്ക് നൽകാൻ ഉള്ളത് എന്നും അഭി.തിരുമനസ്സ് കൊണ്ട് കൂട്ടി ചേർത്തു.

സമ്മേളനത്തിൽ മർത്തമറിയം സമാജം വൈസ് പ്രസിഡൻറ് ഫാ. ഗീവർ ഗീസ് കാപ്പിൽ അധ്യക്ഷത വഹിച്ചു.. ഇടവക വികാരി വെരി. റവ മത്തായി ഇടയനാൽ കോർഎപ്പിസ്കോപ്പ അച്ചൻറെ ശക്തമായ നേതൃത്വം മാനിച്ച് തിരുമനസ്സുകൊണ്ട് അച്ചനെ പൊന്നാട അണിയിച്ച് ആദരിച്ചു. പഴന്തോട്ടം പള്ളി പ്രശ്നവുമായി ബന്ധപ്പെട്ട് ആശുപത്രിയിൽ ആയിരിക്കുന്ന ബഹുമാനപ്പെട്ട കെ. കെ. വർഗീസ് അച്ചനും, ഇടവക വിശ്വാസികൾക്കും, യുവജനപ്രസ്ഥാന പ്രവർത്തകർക്കും സമ്മേളനം ഐക്യദാർഢ്യം പ്രകടിപ്പിച്ചു





അഖില മലങ്കര ബാലസമാജം കോട്ടയം ഭദ്രാസന വാർഷിക സമ്മേളനം ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് ഉദ്ഘാടനം ചെയ്യുന്നു.

മലങ്കരസഭ മാസിക മാനേജിംഗ് എഡിറ്റർ



മലങ്കരസഭ മാസിക യുടെ മാനേജിംഗ് എഡിറ്ററായി നിയമിതനായ ഫാ. ഷാലു ലൂക്കോസ് തിരുമംഗലം.
ആയൂർ തിരുമംഗലം സെന്റ് ജോർജ് ഇടവകാംഗമാണ്.
സഹധർമ്മിണി: ആഷാ കെ ജോയി.
മക്കൾ: ആർദ്ര, തീർത്ഥ

'തെശ്ബുഹത്തോ 2019'

ദുബായ്: മലങ്കര ഓർത്തഡോക്സ് സഭ ഡൽഹി ഭദ്രാസനാധിപനായിരുന്ന കാലം ചെയ്ത ജോബ് മാർ പീലക്സിനോസ് മെത്രപ്പോലീത്തായുടെ സ്മരണാർത്ഥം ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ യു.എ .ഇ യിലെ എല്ലാ ഓർത്തഡോക്സ് ഇടവകകളെയും ഉൾപ്പെടുത്തി സംഘടിപ്പിക്കുന്ന ആരാധനാ സംഗീത മത്സരം 'തെശ്ബുഹത്തോ 2019' മെയ് 3 വെള്ളി ഉച്ചക്ക് 1:30 -നു കത്തീഡ്രലിൽ നടക്കും. മലയാളം, സുറിയാനി ഭാഷകളിലെ ഗീതങ്ങളാണ് ആലപിക്കുന്നത്.

വിവരങ്ങൾക്ക് 050 -3043637.

News, Advertisements, Wishes Etc...
Contact 8078914931
9446407503
Email:malankaranewsbulletin@gmail.com
Add Size:15 cm x 10 cm Half Page Jpeg / tif file